എന്തിനാ കൂർത്ത മുന?


16 ജൂലൈ 2020
കുട്ടികളുടെ ശാസ്ത്രദ്വൈവാരിക

# യുറീക്ക


ഇന്ത്യൻ ഭാഷകളിൽ ഏറ്റവും കൂടുതൽ
കുട്ടികൾ വായിക്കുന്ന ശാസ്ത്രപ്രസിദ്ധീകരണം

വില: ₹17.00






## ജൂൺ ലക്കം ഉത്തരവും വിജയികളും




**സൗമ്യ കൃഷ്ണൻ,**
5 ബി, ടി.എം.ജി.എച്ച്.എസ്.എസ്.
പെരിങ്ങനാട്, പത്തനംതിട്ട 690504

**വാസവി,**
6 എ, ലിറ്റിൽ ഫ്ലവർ ജി.എച്ച്.എസ്.എസ്.
ഹോസ്ദുർഗ് പി.ഒ., കാസറഗോഡ്

**മെറീന കെ.ജെ,**
7 ഇ, സെന്റ് തെരേസിറ്റാസ് യു.പി.എസ്.
താലോർ, തൃശ്ശൂർ 680306

**ജാൻ പി.എം,**
2 ാം തരം, എ.എൽ.പി.എസ്. ഏലക്കുളം
സൗത്ത്, കുന്നക്കാവ് പി.ഒ., മലപ്പുറം.

**സൂര്യകിരൺ പി,**
4 എ, സെന്റ് ഫിലോമിനാസ് എൽ പി
എസ്, കൂനംമാവ്, എറണാകുളം.



എവിടെ നിന്നെന്ന്
പറയാമോ?

**ജൂൺ 16 ഉത്തരം**

### എൽ.പി.വിഭാഗം

**പുസ്തകം: കാബൂളിവാല**

**മെഹദ് ഷാജഹാൻ,** ജ്യോതി പബ്ലിക് സ്കൂൾ,
അരീപ്പാടം, യു.സി.കോളജ് പി.ഒ., ആലുവ, എറണാകുളം
**നിവേദ് കെ,** ഭാരതീയ വിദ്യാഭവൻ, തിരുനാവായ, മലപ്പുറം
**ഗായത്രി പി,** നൃസുമ ഇ.എം.എൽ.പി.സ്കൂൾ, ചുട്ടുവാലത്തൂർ, ഷൊർണൂർ– 679121



### യു.പി.വിഭാഗം

**പുസ്തകം: ചുക്കും ഗെക്കും**

**സൂര്യഗായത്രി,** കെ.വി.എം.യു.പി.എസ്., പൊൽപ്പുള്ളി, പാലക്കാട് 678 552
**ആൻ തരീസ ഡിസ്നി,** 6 ാം തരം, ഒ.എൽ.എഫ്.ജി.എച്ച്.എസ്.എസ്. മതിലകം, തൃശ്ശൂർ
**ശ്രീനന്ദ പി.വി.,** 6 എ, മെഡിക്കൽ കോളേജ് പബ്ലിക് സ്കൂൾ, പരിയാരം, കണ്ണൂർ



## ഓരോന്നോരോന്ന്

**ഏപ്രിൽ 1ാം ലക്കം**

ഒറ്റത്തണ്ടിലെട്ട് ആരും കണ്ടെത്തിയില്ല.
Indian goosegrass ആണ് ഒറ്റത്തണ്ടിലെട്ടെണ്ണം എന്ന് പറഞ്ഞ് ചിലർ അയച്ചത്. യുറീക്ക പറഞ്ഞത് Dactyloctenium aegyptium എന്ന സസ്യത്തിന്റെ തണ്ടുകൾ കണ്ടെത്താനായിരുന്നു. രണ്ടിനും ഏകദേശം സാമ്യമുണ്ടെന്നു മാത്രം.

2020
ജൂലൈ 16
വാല്യം: 42
ലക്കം 4

# യുറീക്ക

കുട്ടികളുടെ ശാസ്ത്ര ദ്വൈവാരിക
1970– ൽ പ്രസിദ്ധീകരണം ആരംഭിച്ചത്

സന്ദർശിക്കുക :
www.eurekafortnightly.com
www.facebook.com/
EurekaFortnightly

കത്തുകളും രചനകളും അയയ്ക്കേണ്ട
വിലാസം: എഡിറ്റർ, യുറീക്ക, ചാലപ്പുറം,
കോഴിക്കോട് – 673 002.
e-mail: eurekakssp@gmail.com

ഓൺലൈനിൽ വായിക്കാൻ
www.magzter.com
www.readwhere.com

## ലേഖനങ്ങൾ

6. പാറുച്ചേച്ചീടെ ക്രൂ...ർർത്ത നഖം :
എം.ഗീതാഞ്ജലി

14. പോം പോം... വഴീന്ന് മാറ്, വണ്ടി പോവട്ടെ :
സി.എം.മുരളീധരൻ

16. ഷഹ്റസാദ് പറഞ്ഞ കഥകൾ :
അബ്ദുൾ ഖാദർ ബി.സി.

## കവിത

9. തിരികെ വരുമ്പോൾ :
എം.പി.പ്രതീഷ്

12. ജലചക്രം :
സുവിൻ വി.എം.

21. പരിഭവമില്ലാതെ :
ജോസ് പ്രസാദ്

37. കാത്തു വയ്ക്കാം :
റഫീക്ക് പൂനത്ത്

41. പുസ്തകത്താളിലെ ചിത്രം :
ലതീഷ് കീഴല്ലൂർ

42. മുങ്ങിനിവർന്നപ്പോൾ :
സരസ്വതി കെ.എം.


## കഥ

10. ത്യാഗമയീ കിടിലോസ്കി :
ശ്യാമിലി നാരായണൻ

28. കുന്നിൻ മുകളിലെ ആകാശം :
ശാന്തിദേവി കെ.ആർ.

## നോവൽ

30. ഭൂമിയിലെ നക്ഷത്രങ്ങൾ :
പ്രേമജ ഹരീന്ദ്രൻ



ചിത്രീകരണം: രാജീവ് എൻ ടി

കേരള ശാസ്ത്രസാഹിത്യ പരിഷത്ത്
പ്രസിദ്ധീകരണം

## പംക്തികൾ

13. പദപ്രശ്നം
20. യുറീക്കയോട് ചോദിക്കൂ
22. കാഴ്ചപ്പുറം
24. ഞാറ്റടി
32. പീക്കിരി.ഇൻ
38. യു.മെയിൽ
43. ഓരോരോന്നോരോന്ന്

## കവർ

അരവിന്ദ് വട്ടംകുളം




വാർഷിക വരിസംഖ്യ : 300 രു.
ഒറ്റപ്രതി : 17 രു.
ഓൺലൈനായി പണമടയ്ക്കാൻ
www.ksspublications.com

ഡി.ഡി/എം.ഒ. ആണെങ്കിൽ

**മാനേജിങ് എഡിറ്റർ, യുറീക്ക, ചാലപ്പുറം,**
**കോഴിക്കോട്–673002.**
e-mail: ksspmagazine@gmail.com,
Ph: 0495 2701919.

**പത്രാധിപസമിതി :**

സി എം മുരളീധരൻ (എഡിറ്റർ),
എം ദിവാകരൻ (മാനേജിങ് എഡിറ്റർ),
അനിത സി കെ (അസോ. എഡിറ്റർ), ഷിനോജ് രാജ്
(എഡി. അസിസ്റ്റന്റ്), പ്രൊഫ.കെ.പാപ്പൂട്ടി, ജനു,
ഇ.എൻ.ഷീജ, മൈന ഉമൈബാൻ, ഇ.രാജൻ,
ഇ.ജിനൻ, മഞ്ജു പി എൻ, സിന്ധു എൻ പി,
പി.കെ.സുധി, ഡോ.കെ.കിഷോർ കുമാർ,
എം.ഗീതാഞ്ജലി, ഷൈല സി ജോർജ്.

ലേ–ഔട്ട്: ഷിനോജ് രാജ്,
ഗ്രാഫിക്സ് : റനീഷ് കെ.പി.

# മുഖക്കുറി

ഇത്തവണ രക്ഷിതാക്കളോടും അധ്യാപകരോടും ചില കാര്യങ്ങൾ പറഞ്ഞുകൊണ്ടാണ് യുറീക്ക ആരംഭിക്കുന്നത്. എത്രയൊക്കെ മുൻകരുതലുകൾ കൈക്കൊണ്ടിട്ടും കോവിഡ് ഭീഷണി ഒഴിയാതെ നമ്മെ പിന്തുടരുന്നു. ആഗസ്റ്റ് മാസമാകുമ്പോഴേക്കും രോഗവ്യാപനം ഇനിയും കൂടുമെന്നാണ് കേൾക്കുന്നത്. സ്കൂളുകൾ എന്ന് തുറക്കുമെന്ന് പറയാൻ കഴിയാത്ത ഒരവസ്ഥയിലാണ് നാമിപ്പോഴും.

നനുനനെ പെയ്യുന്ന മഴയും പുത്തൻ കുടകളും ഉടുപ്പുകളുമെല്ലാമായി തുടങ്ങുന്ന പുതിയ വിദ്യാഭ്യാസ വർഷം കുഞ്ഞുങ്ങൾക്കു മാത്രമല്ല നമ്മൾ മുതിർന്നവർക്കും ഏറെ ആഹ്ലാദകരമായിരുന്നു. പ്രവേശനോത്സവത്തിന്റെ ആരവം മാത്രമല്ല കുട്ടികൾക്ക് നഷ്ടപ്പെട്ടത്. അവരുടെ കൂട്ടുചേരലുകളും ഒന്നിച്ചുള്ള പഠനാനുഭവങ്ങളുമാണ്.

സ്കൂൾ സമയത്തിന് തുറക്കാൻ കഴിയാത്ത സാഹചര്യത്തിലാണ് വിദ്യാഭ്യാസ വകുപ്പ് ഓൺലൈൻ പഠനാവസരങ്ങളുമായി മുന്നോട്ടു വന്നത്. സ്കൂൾ വിദ്യാഭ്യാസത്തിനു ബദലല്ലെന്നു പറഞ്ഞു തന്നെയാണ് സർക്കാർ ഈ സംവിധാനം ഒരുക്കിയത്. ഇത് ഏറെ അഭിനന്ദിക്കേണ്ടതു തന്നെ. പഠനം ഓൺലൈനായി മാറുമ്പോൾ അതിന് കഴിയാതെ വരുന്നവരുടെ കാര്യം സമൂഹ ചർച്ചകളിൽ ഉയർന്നു വന്നു. സാമൂഹ്യമായ ഇടപെടലുകളിലൂടെ പഠന സാമഗ്രികളുടെ വിതരണവും കാര്യക്ഷമമായി നടന്നു. പക്ഷേ, അതോടെ പ്രശ്നങ്ങൾ തീരുന്നില്ല എന്നാണ് യുറീക്ക കരുതുന്നത്. ചിലരെങ്കിലും ഇത് യഥാർത്ഥ ബദലാണെന്നുള്ള ധാരണ പുലർത്തുന്നുണ്ടോ എന്നും സംശയിക്കേണ്ടിയിരിക്കുന്നു.

വിദ്യാഭ്യാസം എന്നത് ജൈവത്തായ ഒരു പ്രക്രിയയാണ്. കുട്ടിയാണ് അതിലെ കേന്ദ്രബിന്ദു. അധ്യാപകരും രക്ഷിതാക്കളും ആ പ്രക്രിയയിലെ സഹായികൾ മാത്രമാണ്. കേവലമായ വിവരക്കൈമാറ്റമല്ല ക്ലാസ്മുറികളിൽ നടക്കുന്നത്. കുട്ടി ഒരു ഒഴിഞ്ഞ പാത്രമല്ല. പലതരത്തിലുള്ള അറിവും കഴിവും മനോഭാവങ്ങളുമായാണ് കുട്ടി സ്കൂളിലെത്തുന്നത്. ഇതിനെ ഇഴപിരിച്ചെടുത്ത് നെല്ലും പതിരും വേർതിരിച്ച് മാർഗദർശിയായ ടീച്ചറുടെ സഹായത്തോടെ കുട്ടികൾ സാമൂഹ്യമായ അറിവുനിർമാണ പ്രവർത്തനങ്ങളിലേർപ്പെട്ടു

# ഇതും നമുക്ക് പരിഹരിച്ചേ തീരൂ..



കയാണ് വേണ്ടത്. കളികളിലൂടെയും പാട്ടുകളിലൂടെയും ചിത്രം വരയിലൂടെയും സംഘം ചേർന്നുള്ള പ്രവർത്തനങ്ങളിലൂടെയുമെല്ലാമാണ് കുട്ടികളുടെ, പ്രത്യേകിച്ച് ചെറിയ ക്ലാസിലെ കുട്ടികളുടെ, വിദ്യാഭ്യാസം നടക്കുന്നത്; നടക്കേണ്ടത്.

ഓരോ കുട്ടിയുടെയും പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് അതിനുള്ള പരിഹാരങ്ങൾ ആവിഷ്കരിച്ച് എല്ലാവരേയും ഒന്നിച്ച് മുന്നോട്ട് നയിക്കാനുള്ള പ്രക്രിയയാണ് സ്കൂളുകളിൽ നടക്കേണ്ടത്. ഈ പ്രക്രിയയിൽ അനുപൂരകമായി നിന്നുകൊണ്ട് കുട്ടിയെ സഹായിക്കുക എന്നതാണ് യുറീക്ക പോലുള്ള ബാലപ്രസിദ്ധീകരണങ്ങൾ, മൾട്ടിമീഡിയ പഠനസഹായികൾ തുടങ്ങിയവയൊക്കെ ചെയ്യുന്നത്. ആ പ്രക്രിയയ്ക്ക് ഓൺലൈൻ ക്ലാസുകൾ ഒരിക്കലും ബദലാവില്ല. കാരണം അവിടെ സാമാന്യ നിലവാരത്തിലുള്ള ഒരു അവതരണം നടത്തി പോവാനേ കഴിയൂ. ക്ലാസ് ടീച്ചർ വാട്സ് ആപ്പ് ഗ്രൂപ്പുകളിലൂടെ കുറച്ച് പ്രവർത്തനങ്ങൾ കൂട്ടിച്ചേർത്തതുകൊണ്ടൊന്നും പ്രശ്നപരിഹാരമുണ്ടാവില്ല. മാത്രമല്ല, ഒരുതരത്തിൽ അന്യവൽക്കരിക്കപ്പെടുന്ന കുട്ടിയുടെ മേൽ പ്രവർത്തനഭാരം കൂടി കൂട്ടാനേ ഇത് വഴിവെക്കൂ.

വളരെ ഗൗരവമേറിയ ഈ പ്രശ്നത്തെ എങ്ങനെ പരിഹരിക്കാം; ഇത് നാം അതീവ പ്രാധാന്യത്തോടെ ചർച്ച ചെയ്തേ പറ്റൂ. ദീർഘ കാലത്തേയ്ക്ക് കോവിഡ് നമ്മോടൊപ്പം ഉണ്ടാവുമെന്ന സാഹചര്യത്തിൽ സ്കൂളുകൾ കരുതലോടെ എങ്ങനെ പ്രവർത്തിപ്പിക്കാമെന്നല്ലേ നാം ചിന്തിക്കേണ്ടത്? കേരളത്തിന് അതിന് സാധിക്കില്ലേ? നിങ്ങളുടെ വിലയേറിയ നിർദേശങ്ങൾക്കായി കാത്തിരിക്കുന്നു.

**യുറീക്കാ മാമൻ**



# പാറുച്ചേച്ചീടെ
# കൂ...ർർത്ത നഖം


എം.ഗീതാഞ്ജലി

ചിത്രീകരണം: കെ.സതീഷ്

ഫോട്ടോ തൂക്കാൻ വേണ്ടി ഒരു കസേരയിൽ കയറി നിന്ന് അമ്മ ചുമരിൽ ആണി അടിക്കുകയാണ്. ആണി വിരലുകൾ കൊണ്ട് പിടിച്ച് ചുറ്റിക കൊണ്ട് ആഞ്ഞടിക്കുകയാണ്. അടിച്ചടിച്ച് അത് വളഞ്ഞുപോയീന്നല്ലാതെ ചുമരിനുള്ളിലേക്ക് കയറിയില്ല. ആണിക്ക് കിട്ടേണ്ട അടിയിൽ ഒന്ന് തെറ്റി അമ്മയുടെ കയ്യിലും കൊണ്ടു. "ഹൗ!" പെട്ടെന്ന് അടി നിർത്തി അമ്മ വിരലുകൾ തിരുമ്മിക്കൊണ്ട് നിന്നു. "നശിച്ച ആണി കേറ്ണില്യ." സ്വന്തം വിരലിന് കിട്ടിയ അടിയുടെ ദേഷ്യം മുഴുവൻ ചുമരിലേക്ക് കേറാൻ മടിച്ചുനിന്ന ആണിയോട് പിറുപിറുത്തു തീർത്തു അമ്മ.

"കസേരേടെ അടീല് ആണിപ്പൊതിണ്ട്. അത്ന്ന് നല്ല കൂർത്ത മൊനയുള്ള ഒരാണി ഇങ്ങട്ട് എട്ക്ക്." അമ്മ സഹായിയായ കുട്ടനോട് പറഞ്ഞു. നല്ല ഒരാണി തിരഞ്ഞെടുത്ത് കുട്ടൻ അമ്മയ്ക്ക് കൊടുത്തു. ചുറ്റിക കൊണ്ട് അടിച്ച ഉടനെ അത് വേഗത്തിൽ ചുമരിനുള്ളിലേക്ക് കയറി. ഹാവൂ! സമാധാനായി. അമ്മയുടെ മുഖമൊന്നു തെളിഞ്ഞു.

അടുക്കളയിൽ അച്ഛൻ കഷണം നുറുക്കുന്ന പണിയിലാണ്. തേങ്ങ ചിരകിക്കൊണ്ട് പാറുച്ചേച്ചിയും കൂടെയുണ്ട്. ഇന്ന് കറിയുണ്ടാക്കുന്ന



ച്ചുമതല അവർക്കു രണ്ടാൾക്കുമാണ്.

“ഈ കത്തികൊണ്ട് ഒരു വസ്തും മുറിക്കാൻ പറ്റ്ണില്യല്ലോ. ഇവിടെ ഈ വീട്ടില് മൂർച്ചള്ള കത്ത്യൊന്നുല്ല്യേ?” അച്ഛന്റെ അശരീരി മുഴങ്ങി. ആണിയടിക്കുന്ന തിരക്കിനിടയിൽ അമ്മ ഉച്ചത്തിൽ തിരിച്ചു പറഞ്ഞു:

“മൂർച്ചള്ള രണ്ട് കത്തി വേണംന്ന് ഞാനെത്ര ദിവസായി പറയ്ണു. ഇനിപ്പൊ കയ്യിലുള്ളത് ഒന്ന് മൂർച്ച കൂട്ടേ നിവൃത്തിള്ളൂ.”

അച്ഛൻ അടുക്കളയ്ക്കു പുറത്തുള്ള വരാന്തയിലേക്കിറങ്ങി, അമ്മിയിന്മേൽ വെച്ച് കത്തി ഉരച്ച് മൂർച്ചകൂട്ടാൻ തുടങ്ങി. മൂർച്ചകൂട്ടിയ കത്തി വിരലുകൾ കൊണ്ട് തൊട്ടു നോക്കി അച്ഛൻ അഭിമാനപൂർവം പറഞ്ഞു: “കുട്ടപ്പനായിട്ടുണ്ട്. ഇനി കഷ്ണം മുറിക്കാൻ എളുപ്പായി.”

അമ്മ ചുറ്റിക കൊണ്ട് ഒരേ ശക്തി പ്രയോഗിച്ചാണ് അടിക്കുന്നത്. എങ്കിലും മുനപരന്ന ആണി ചുമരിലേക്ക് കയറാനേ കൂട്ടാക്കിയില്ല. എന്നാൽ മുന കൂർത്ത ആണി പെട്ടെന്ന് കേറി. അച്ഛൻ മൂർച്ചയില്ലാത്ത, ഉപയോഗിച്ചുപയോഗിച്ച് വക്ക് ഒരൽപ്പം പരന്ന കത്തികൊണ്ട് കഷ്ണം നുറുക്കിയപ്പോൾ കത്തിക്ക് പച്ചക്കറിയെ മുറിച്ചുകേറാനേ മടി. എന്നാൽ അതേ ബലം പ്രയോഗിച്ച് മൂർച്ചകൂട്ടിയ കത്തികൊണ്ട് മുറിച്ചപ്പോൾ പച്ചക്കറി എളുപ്പത്തിൽ മുറിച്ചു.

ഇവിടെ എന്താ സംഭവിച്ചത്? രണ്ട് ആണികളും തറയ്ക്കാൻ വേണ്ടി ഒരേ ശക്തിയോടെയാണ് അമ്മ ചുറ്റിക കൊണ്ടടിക്കുന്നത്. എന്നാൽ രണ്ട് ആണികളുടെയും ചുമരിൽ കയറേണ്ട ഭാഗത്ത് പ്രയോഗിക്കപ്പെടുന്ന മർദം (pressure) ഒന്നല്ല. കൂർത്ത ആണിയുടെ മുനയിൽ മുഴുവൻ ശക്തിയും കേന്ദ്രീകരിച്ചിരിക്കുമ്പോൾ, അതേ ശക്തി മുനയില്ലാത്ത ആണിയുടെ അറ്റത്ത് കൂടുതൽ വലിയ സ്ഥലത്ത് പരന്നു കിടക്കുകയാണ്. അമ്മ പ്രയോഗിക്കുന്ന ശക്തി ഒന്നുതന്നെയെങ്കിലും കൂർത്ത ആണിയുടെ അറ്റത്ത് അനുഭവപ്പെടുന്ന മർദം കൂടുതലാണ്.

അപ്പൊ, എന്താ ബലവും മർദവും? രണ്ടും ഒന്നല്ലേ? അല്ലല്ലോ. ബലം എന്നാൽ നമ്മൾ പ്രയോഗിക്കുന്ന ആകെ ശക്തി. എന്നാൽ മർദത്തെക്കുറിച്ച് പറയുമ്പോൾ ബലം മാത്രമല്ല, ആ ബലം പ്രയോഗിക്കപ്പെടുന്ന മുഴുവൻ സ്ഥലം കൂടി കണക്കിലെടുക്കണം. അതായത്,

നമ്മൾ പ്രയോഗിക്കുന്ന ആകെ ബലം =


മർദം
_______________________
ബലം പ്രയോഗിക്കപ്പെടുന്ന
സ്ഥലത്തിന്റെ വിസ്തീർണം

“അപ്പോൾ ബലം പ്രയോഗിക്കപ്പെടുന്ന സ്ഥലം പരന്നുകിടക്കുകയാണെങ്കിൽ മർദം കൂടുമോ കുറയുമോ? അതേ ബലം പ്രയോഗിക്കപ്പെടുന്ന സ്ഥലം വളരെ കുറവാണെങ്കിലോ? അറ്റം കൂർത്ത ആണി വേഗം ചുമരിലേക്ക് കയറിയത് എന്തുകൊണ്ടാണ്? കുട്ടൻ ആലോചിച്ചു പറയൂ. കത്തിക്ക് മൂർച്ച കൂട്ടുക എന്നു പറഞ്ഞാൽ കത്തിയുടെ മുറിക്കുന്ന വക്കിന് എന്താ സംഭവിച്ചത്?




മുനകളിലും വക്കുകളിലും വളരെയേറെ മർദം കേന്ദ്രീകരിക്കുന്നതുകൊണ്ടാണ് മൂർച്ചയുള്ള വസ്തുക്കൾ എളുപ്പം കുത്തുകയും മുറിയുകയും ചെയ്യുന്നത്.

ചുറ്റിക കൊണ്ട് ആളുകൾ കല്ലുപൊട്ടിക്കുന്നത് കണ്ടിട്ടില്ലേ? വലിയ കരിങ്കല്ല് ചെറിയ കഷ്ണങ്ങളാക്കാൻ ചുറ്റികകൊണ്ട് അടിച്ചു പൊട്ടിക്കുകയാണ്



ചെയ്യാറ്.

ഒരു കൂർത്ത ആണി കല്ലിന്മേൽ വെച്ച് അതിന്മേലാണ് ചുറ്റിക കൊണ്ടടിക്കുന്നത് എങ്കിൽ കല്ല് അതിലും എളുപ്പത്തിൽ പൊട്ടും. എന്തുകൊണ്ടാണെന്ന് കുട്ടന് പറയാൻ പറ്റ്വോ?"

"നമ്മുടെ മഹാഭാരത കഥയിൽ കൗരവന്മാരും പാണ്ഡവന്മാരും തമ്മിലുള്ള യുദ്ധത്തിൽ കൗരവന്മാരുടെ സൈന്യാധിപനായ ഭീഷ്മരെ അർജ്ജുനൻ അമ്പുകളെയ്ത് വീഴ്ത്തുന്ന ഭാഗമുണ്ട്. കേട്ടിട്ടില്ലേ ആ കഥ? ഒരമ്പല്ല അർജ്ജുനൻ അയച്ചത്. തന്റെ വില്ലിൽ നിന്ന് നൂറുകണക്കിന് അമ്പുകളാണ് തൊടുത്തുവിട്ടത്. തല മുതൽ കാലടിവരെ അമ്പുകൾ തറച്ച നിലയിലാണ് ഭീഷ്മർ യുദ്ധഭൂമിയിലേക്ക് വീഴുന്നത്. ഇങ്ങനെ ശരങ്ങളാൽ തീർത്ത ഒരു ശയ്യയിലാണ് യുദ്ധം കഴിയും വരെ ഭീഷ്മർ കിടന്നത്. ശരീരത്തിൽ അമ്പു തറച്ചു കയറീട്ടും ഇങ്ങനെ കിടക്കാൻ ഭീഷ്മർക്കേ സാധിക്കൂ. അതിന് വേദന സഹിക്കാനുള്ള ശക്തിയും ധൈര്യവും മനോബലവും വേണം."

"എന്നാൽ നൂറുകണക്കിന് കൂർത്ത അമ്പുകൾ മുന മുകളിലേക്കാക്കി ഒരു ശരശയ്യ ഉണ്ടാക്കിയിട്ട് അതിന്മേൽ കിടക്കാനാണ് അർജ്ജുനൻ ഭീഷ്മരോട് ആവശ്യപ്പെടുന്നത് എന്നൊന്ന് നമുക്ക് സങ്കൽപ്പിക്കുക. ശരീരത്തിൽ ഒരമ്പുപോലും തറച്ചുകയറാതെ ഭീഷ്മർക്ക് സുഖമായി അതിന്മേൽ കിടക്കാനാവും. ഭീഷ്മർക്കെന്നല്ല കുട്ടനും കൂടി കിടക്കാൻ സാധിക്കും ആ ശരശയ്യയിൽ."

"അതെങ്ങന്യാ? മേലാകെ അമ്പു തറച്ചു കയറില്ലേ?"

"ഇല്ല. അതാണ് സൂത്രം. ഒരു മനുഷ്യന്റെ മുഴുവൻ ശരീരത്തിന്റെയും ഭാരം കൊണ്ടുണ്ടാകുന്ന ബലം ശരശയ്യയിലെ നൂറുകണക്കിനുള്ള മുഴുവൻ അമ്പുകളുടെയും മുനകളുടെ മേൽ തുല്യമായി വിതരണം ചെയ്യപ്പെടുകയാണ് ഉണ്ടാവുന്നത്. അതുകൊണ്ട് ഓരോ അമ്പിന്റെയും മുനമേലും വരുന്ന ബലം വളരെ കുറവായിരിക്കും. ഫലമോ? ഓരോ അമ്പിന്റെയും മുനയുടെ അറ്റത്തുള്ള മർദം അതിന് മനുഷ്യന്റെ തൊലിക്കുള്ളിലേക്ക് തുളച്ചു കയറാൻ വേണ്ടതിനെക്കാളും കുറവായിരിക്കും."

"ങ്ഹാ, ഇപ്പൊഴാ ഒരു കാര്യം മനസ്സിലായത്. കുട്ടൻ കുറുമ്പു കാണിക്കുമ്പൊ അമ്മേടടുത്തുനിന്നും പിച്ചു കിട്ടും, പാറുച്ചേച്ചീടടുത്തുന്നും പിച്ചുകിട്ടും. അമ്മ പിച്ചുമ്പോൾ ഇത്തിരി വേദനിക്ക്യേ ഉള്ളൂ. പാറുച്ചേച്ചി പിച്ചുമ്പോ നല്ലോണം വേദനിക്ക്യേം ചെയ്യും, ന്റെ മേലൊക്കെ മുറിഞ്ഞ് ചോരേം വരും. നല്ല കൂർത്ത നഖണ്ട് പാറുച്ചേച്ചിക്ക്. പാറുച്ചേച്ചി പിച്ചുമ്പോ തൊലിപൊട്ടി ചോര വര്ണേന്റെ ശാസ്ത്രം ഇപ്പൊ പിടി കിട്ടി."

# തിരികെ വരുമ്പോൾ



എം.പി.പ്രതീഷ്

ചിത്രീകരണം: സചീന്ദ്രൻ കാറഡുക്ക

തിരികെ വരുമ്പോൾ
കിളിയുടെയൊച്ച കേട്ടു.

അവൾ ചുറ്റിനും നോക്കി.

തല താഴ്ത്തിയും ഏന്തിയും
ചെരിച്ചും നോക്കി.

എങ്ങുമില്ല. ഒരനക്കവുമില്ല.

അപ്പോഴൊരു കാറ്റുണ്ടായി.

കാറ്റിലവൾ ഒന്നുലഞ്ഞുപോയി.

വീഴാതെനിന്നു.

കാറ്റടങ്ങിയപ്പോൾ കിളിയൊച്ച
വീണ്ടുമെത്തി.

ഉടലിൽ  എവിടെയോ
ഒരനക്കമുണ്ടെന്നു തോന്നി.

അവൾ മേലുടുപ്പിന്റെ താഴത്തെ
കീശ തൊട്ടുനോക്കി.

ഇളതായൊരു ചൂടുണ്ട്.

കൈയിട്ടപ്പോൾ വിരലുകൾ
മിനുസമുള്ള എന്തിലോ തട്ടി.

അവൾ കീശയുടെ വായറ്റം വിടർത്തി

ഒരു കിണറിനുള്ളിലേയ്ക്കെന്നപോലെ
പാളി നോക്കി.

ഒരു തിളക്കം, രണ്ടു കണ്ണുകൾ,
ചെറിയ ചുണ്ട്.

കൈ തിരിച്ചെടുത്ത് അവൾ
വേഗം വീട്ടിലേക്കു നടന്നു.

കോലായപ്പടിമേലിരുന്നിട്ട് അവൾ
അതിനെ പതിയെ പുറത്തെടുത്തു.

ഇരുണ്ട് നീലനിറത്തിൽ ഒരു കിളി.

അത് കൂനിയിരിപ്പായിരുന്നു.

പതുക്കെ അതിനെ പൊന്തിച്ചു.

കിളിയുടെ  അടിവയർക്കീഴിൽ
കാലുകൾക്കിടയിൽ ഒരു ചെറിയ മുട്ട.

അതു  വിള്ളാൻ തുടങ്ങി.

തീരേ കുഞ്ഞ്യേതായ ഒരു കുഞ്ഞ്
പുറത്തേക്ക് ചുണ്ടു പിളർത്തി.



# ത്യാഗമയീ കിടിലോസ്കി



**ശ്യാമിലി നാരായണൻ**

ചിത്രീകരണം: സചീന്ദ്രൻ കാറഡുക്ക

നേരം പരപരാ പുലർന്നു. മുറ്റത്ത് ദാ ക്ലാപ്പ് എന്ന പൂച്ച നാല് കാലും മേലോട്ടാക്കി മേ എന്നൊരു കിടപ്പ് കിടക്കുന്നു. ഇള്ളക്കുട്ടിക്ക് പഠിക്കുകയാവും. അതിന്റെ പിങ്ക് നിറത്തിലുള്ള നാലമ്മിഞ്ഞകൾക്ക് ഏന്തൊരു ഭംഗി. ഇതിന് ക്ലാപ്പ് എന്ന് പേരിട്ടത് ശരിയായില്ല. സുരസുന്ദരീപദ്മം എന്നോ ത്യാഗമയീ കിടിലോസ്കി എന്ന പേരോ ആയിരുന്നു കൂട്ടതൽ ചേർച്ച. അച്ഛൻ ആണ് പേരിട്ടത്. എന്റെ പേരിട്ടതും അച്ഛനാണല്ലോ. ശ്ശായ്.. ഞാൻ വിരലുകൊണ്ട് അതിന്റെ തലചൊറിഞ്ഞു. തുല്യ ദുഃഖിതരുടെ ഐക്യപ്പെടൽ. ഞാൻ തൊട്ടതും എന്തോ... എന്ന് വിളികേട്ട് ക്ലാപ്പ് തട്ടിത്തടഞ്ഞെണീറ്റ് അടുക്കളപ്പുറത്തേക്കോടി. പോടാ പോ..

കോളാമ്പികൾ തലേന്നത്തെ മഴയിൽ നനഞ്ഞു കുമ്പി വിടർന്നു നിൽക്കുന്നു. കോഴീം മക്കളും എന്തോ ആവശ്യപ്പെട്ടു മുദ്രാവാക്യം വിളിച്ചു ജാഥയായി പോവുന്നു. കാക്ക ഞങ്ങടെ വീട്ടിലെ ചായക്കെന്താണ് എന്നൊളിഞ്ഞും തല പൊക്കിയും നോക്കുന്നു. ആകെ ബഹുരസം. എവിടെ എന്റെ കൃമിക്കുട്ടി?

ഏ ഇതാ കെടക്കുന്നു. കളർബുക്കിന്റ മോളിൽ ക്രയോൺസിനു നടുവിൽ. ആരോ വരച്ചിട്ട ചിത്രം പോലെ. എന്റെ കാലിനു താഴെ കിടന്നിട്ട് ഞാൻ നോക്കുന്നുണ്ടോ എന്ന് ഓട്ടക്കണ്ണിൽ നോക്കുകയാണ്

എന്തുപറ്റി കൃമിക്കുട്ടീ... ഗുരുത്വാകർഷണം ആണോ?

ചിറ്റക്കെന്താ ബുദ്ധിയില്ലേ

ഏ, എന്താ ആരുപറഞ്ഞു? എല്ലാരും ഇതെങ്ങനെ അറിഞ്ഞു?

ചിറ്റ വാങ്ങിയ പുതിയ ക്രയോൺസിലെ ഒന്നിന്റെ കളർ തീർന്നു. ചിറ്റേനെ പീടിയക്കാരൻ പറ്റിച്ചു.

ക്രയോൺസ് കളർ തീരില്ല. വെറും മണ്ടി.

**സുരസുന്ദരീപദ്മം എന്നോ ത്യാഗമയീ കിടിലോസ്കി എന്ന പേരോ ആയിരുന്നു കൂട്ടതൽ ചേർച്ച**

അമ്മച്ഛനാണോ നിനക്കും പേരിട്ടത്

ചിറ്റ മണ്ടി

തുമ്പി മണ്ടി

തുമ്പി മണ്ടി

ചിറ്റ മണ്ടി

മിണ്ടണ്ട

മിണ്ടും മിണ്ടും

മിണ്ടണ്ട

ണ്ട ണ്ട ണ്ട

കൃമിക്കുട്ടി ചിരിച്ചു വീണു. ക്ലാപ്പ് പൂച്ച ഓടിവന്ന് മടിയിൽക്കേറി ഒറ്റക്കിടത്തം. സുരസുന്ദരീ പദ്മം, ഞാനീ പ്രശ്നം ഒന്നു തീർക്കട്ടെ. എടുക്കു നിന്റെ കളറ് തീർന്ന ക്രയോൺ. കുഴക്കുന്ന പ്രശ്നം തുടങ്ങുകയായി. തുമ്പിക്കുട്ടി വെളുത്ത ക്രയോൺ എടുത്തുനീട്ടി. കളർബുക്കിൽ വരച്ചു കാണിച്ചു. ഒരു കളറും വരുന്നില്ല. നോക്ക് കളർ തീർന്നു. ചിറ്റേ... വേറെ ഒന്നിനും കുഴപ്പല്ലട്ടോ. ഇതു മാത്രേ ഉള്ളൂ.

ക്ലാപ്പിന് കാര്യം കുഴഞ്ഞ പ്രശ്നമാണ് എന്ന് മണത്തു. മടിയിൽ നിന്ന് പിടഞ്ഞെണീറ്റു. മൂക്കുകൊണ്ട് കാലിൽ ആൾ ദി ബെസ്റ്റ് എന്നെഴുതി തിരിഞ്ഞു നോക്കാതെ പോയി. വെള്ള എന്ന സങ്കൽപ്പത്തെ വിശദീകരിക്കാൻ ഞാൻ പഠിച്ചതൊക്കെ മതിയാവാതെ വന്നു. അമ്മേ ഒന്നിവിടം വരെ വര്വോ.



അമ്മ വന്നു.

അമ്മൂമ്മ വന്നു.

അച്ഛൻ വന്നു.

പ്രശ്നം വഷളാവുകയാണ്.

അമ്മമ്മ വെളുത്ത ക്രയോൺസ് വാങ്ങിച്ചു. കളറിങ് പുസ്തകത്തിലെ ഡോറയുടെ പടം എടുത്തു. കറുത്ത് തോളിൽ വീണു കിടക്കുന്ന മുടിയിൽ മെല്ലെ വരക്കാൻ തുടങ്ങി. കറുത്ത മുടി വെളുത്തു വരുന്നു. തുമ്പിയുടെ മുഖം തെളിഞ്ഞു വന്നു.

കീ ജയ് അമ്മമ്മ... കീ ജയ് അമ്മമ്മ...

അയ്യേ അയ്യേ ചിറ്റ തോറ്റേ.

ഞാൻ ചേച്ചിയെ നോക്കി. എല്ലാരും ചിരിയടക്കിയിരിക്കയാണ്. ഞാൻ ചേച്ചിയോട് പറഞ്ഞു. ഈ കുട്ടികളെ വളർത്തൽ വിചാരിച്ച പോലെയല്ല. ചേച്ചി പറഞ്ഞു. അമ്മേ ഇവക്കെന്തേലും കഴിക്കാൻ കൊടുക്കീ..

# ജലചക്രം



**സുവിൻ വി എം**

ചിത്രീകരണം: സചീന്ദ്രൻ കാറഡുക്ക



ആകാശത്തൊരു
കാർമേഘം

ആരു കൊടുത്തിത്
മഴവെള്ളം..?

ഭൂമിയിലുള്ളൊരു കടലമ്മ,
പുഴയും തോടും കാട്ടാറും..

ഞാനത് കണ്ടേ ഇല്ലല്ലോ,
എങ്ങനെയെത്തീ മാനത്ത്?

വെയിലിൻ കൈകൾ തൊടുന്നേരം,
അത്ഭുതമിങ്ങനെ കാണാമേ

അയ്യോ, ഇങ്ങനെ പോയെന്നാൽ
ഭൂമിയിതാകെ വരളില്ലേ

അതിനാണല്ലോ കാർമേഘം,
മഴയായ് മഞ്ഞായ് പെയ്യുന്നു...

✷

പദപ്രശ്നം പൂരിപ്പിച്ച് പേരും വിലാസവും എഴുതിയശേഷം ഫോട്ടോ എടുത്ത് ടെലഗ്രാം/ വാട്സപ്പ്/അയയ്ക്കുക (ഏതെങ്കിലും ഒന്നിലയച്ചാൽ മതി).

: 9497172919




## 5 പേർക്ക് സമ്മാനങ്ങൾ...

**പദപ്രശ്നം കിട്ടേണ്ട അവസാന തീയ്യതി : ജൂലൈ 25, 2020**

## വലത്തോട്ട്


3. സ്ത്രീകളാണ് ധരിക്കുക.
4. പൂവുണ്ടെങ്കിലേ ഉള്ളൂ.
6. വംശ സംബന്ധമായത്.
8. ഉരസ്സുകൊണ്ട് ഗമിക്കുന്ന ജീവി.
10. ഇത് നമ്മൾ അടുക്കളയിൽ സുഗന്ധ വ്യഞ്ജനമായി ഉപയോഗിക്കും.
11. പാണ്ഡവരിൽ രണ്ടാമൻ.

## താഴോട്ട്

1. സിക്കുകാർ മതപരമായി ധരിക്കുന്ന ഒരായുധം.
2. ഒരു മലയാള മാസം.
5. തമിഴ്നാട്ടിലെ ക്ഷേത്രനഗരം.
7. ശ്രീഭഗവതി ആണ് ഈ വാക്കായി മാറിയത്.
9. വളരെ ഗൗരവമുള്ളത് അർഥപുഷ്ടിയുള്ളത്.
10. ഒരു പക്ഷിയാണ്.

ഇത്രയും ഭാഗം ഫോട്ടോ എടുക്കുക

7/ 2020




പേര് : ..........................................................

ക്ലാസ് :..........................................................

സ്കൂൾ വിലാസം :.........................................

..........................................................

പോസ്റ്റ് :..........................................................

ജില്ല :..........................................................

ഫോൺ :..........................................................

ഇത്രയും ഭാഗം ഫോട്ടോ എടുക്കുക

# പോം പോം...
## വഴീന്ന് മാറ്, വണ്ടി പോവട്ടെ



സി എം മുരളീധരൻ


ചിത്രീകരണം: കെ.സതീഷ്



എവിടെയെങ്കിലും എത്തിച്ചേരാൻ വളരെ തിരക്കിട്ട് നടന്നുപോയ അനുഭവം നിങ്ങൾക്കുണ്ടോ? നിങ്ങൾ നടന്നുപോവുന്ന വഴിയെ മുറിച്ചുകടന്നുകൊണ്ട് പെട്ടെന്ന് ഒരാൾ വന്നാലോ? കൂട്ടിമുട്ടും. ചിലപ്പോൾ നല്ല പരിക്ക് പറ്റിയെന്നും വരും. ഇനി ഓടിയാണ് നിങ്ങൾ പോയിരുന്നതെങ്കിലോ? പരിക്ക് ഉറപ്പാണ് അല്ലേ. സൈക്കിളിൽ പോവുന്ന നേരത്താണെങ്കിൽ മറിഞ്ഞ് വീഴും.. ചോര പൊടിയും.. ആകെ പൊല്ലാപ്പായി.

പൂച്ചയോ നായയോ ഒക്കെ പെട്ടെന്ന് റോഡിന് കുറുകെ ചാടി ഇരുചക്രവാഹനക്കാർക്ക് വലിയ അപകടങ്ങൾ പറ്റിയ കഥകൾ നിങ്ങൾ പത്രത്തിൽ വായിച്ചിട്ടുണ്ടാവും. ചീറിപ്പായുന്ന വാഹനത്തിനു കുറുകെ മറ്റൊരു വാഹനം കടന്നു പോയാലോ? ആകെ തകർന്ന് തരിപ്പണമാകും. യാത്രക്കാരുടെയൊക്കെ കഥ കഴിഞ്ഞിട്ടുണ്ടാവും.

ഇനി വേറൊരു വാഹനത്തിന്റെ കാര്യം പറയാം. അതിന്റെ വേഗം ലേശം കൂടുതലാണ്ട്ടോ. മണിക്കൂറിൽ ഏകദേശം ഒരു ലക്ഷം കി.മീ. സങ്കൽപ്പിക്കാൻ ഇത്തിരി ബുദ്ധിമുട്ടായിരിക്കുംല്ലേ. മണിക്കൂറിൽ നൂറ് കി.മീ. വേഗത്തിൽ ഓടുന്ന ഒരു കാറ് നമ്മൾ കണ്ണുതുറക്കുമ്പോഴേക്കും ശ്ശൂ...ന്ന് കടന്നുപോയിട്ടുണ്ടാവും.



ഈ വാഹനം ഏതാണ്ന്ന് മനസ്സിലായോ? നമ്മുടെ ഭൂമി തന്നെ. മൂപ്പര് സൂര്യന് ചുറ്റും സഞ്ചരിക്കുന്ന വേഗതയാ പറഞ്ഞത്. വേഗത കുറച്ചു കൂടെ കൂടിയാലെന്താ, വഴിയില് ഒന്നും വന്നിടിക്കാൻ ഇല്ലല്ലോ എന്നായിരിക്കും ചിന്തിക്കുന്നത് അല്ലേ?  അങ്ങനെയങ്ങ് പറയാൻ വരട്ടെ. ബഹിരാകാശത്തിൽ ഒരു ലക്കും ലഗാനുമില്ലാതെ കറങ്ങി നടക്കുന്ന ചില വിദ്വാന്മാരുണ്ട്. അവ എപ്പ വരുമെന്നോ എവിടെനിന്ന് വരുമെന്നോ ഒരു നിശ്ചയവുമില്ല. നല്ല അസ്സൽ പറക്കലുകാർ തന്നെയാണിവ. വളരെ ചെറിയവ മുതൽ സാമാന്യം നല്ല വലുപ്പമുള്ളവ വരെ ഇവന്മാരുടെ ഇടയിലുണ്ട്. ഇവയുടെ പേരിട്ടയാളെ സമ്മതിക്കണം. എന്താന്നറിയോ? ക്ഷുദ്രഗ്രഹങ്ങൾ. ക്ഷുദ്രജീവിയെന്നൊക്കെ കേട്ടിട്ടില്ലേ. അതേ സ്വഭാവക്കാരാണിവരും. നല്ല സ്പീഡിലാണ് അവരുടെയും വരവ് എന്ന് പറഞ്ഞല്ലോ. ഭൂമിയിലെ ഒരു പ്രദേശം തന്നെ തവിടുപൊടിയാക്കാൻ മിടുക്കരാണിവർ.

ഒരു ശാസ്ത്രജ്ഞൻ പറഞ്ഞ കാര്യം കൂടി സൂചിപ്പിക്കാം. ഭൂമിയുടെ ഭ്രമണപഥത്തിൽ വരാൻ സാധ്യതയുള്ള ഇത്തരക്കാരെ – എല്ലാവരെയുമല്ല പത്തു മീറ്ററിൽ കൂടുതൽ വലുപ്പമുള്ളവരെ– പെട്ടെന്ന് തിരിച്ചറിയാനായി അവയ്ക്കെല്ലാം പ്രകാശം പിടിപ്പിക്കുന്നു എന്ന് കരുതുക. നമ്മൾ ഒരു സ്വിച്ചിട്ടാൽ ഇവയെല്ലാം കൂടി  ഒന്നിച്ച് ഓണാവുമെന്നും സങ്കൽപ്പിക്കുക. സങ്കൽപ്പിച്ചോ? റെഡിയല്ലേ... എന്നാൽ സ്വിച്ച് ഓൺ ചെയ്യാൻ പോവുന്നേ. അയ്യോ, ഇതെന്താ കഥ! പത്തുകോടിയിലേറെ ക്ഷുദ്രഗ്രഹങ്ങളിൽ നിന്ന് ഒരുമിച്ചാണ് ലൈറ്റ് തെളിയുന്നത്!! അവയാണെങ്കിൽ തലങ്ങും വിലങ്ങും പാഞ്ഞുകൊണ്ടിരിക്കയാണ്. ചില നേരങ്ങളിൽ പ്ലേ ഗ്രൗണ്ടിൽ സ്കൂളിലെ മുഴുവൻ കുട്ടികളും തലങ്ങും വിലങ്ങും ഓടുന്നത് കണ്ടിട്ടില്ലേ. അതുപോലെ തന്നെ.

ഈ ക്ഷുദ്രഗ്രഹങ്ങളിൽ ഏതിനും എപ്പോൾ വേണമെങ്കിലും ഭൂമിയുടെ സഞ്ചാരപാതയിൽ എത്തിച്ചേരാം. കൂട്ടിയിടിക്കാം.

പണ്ടുപണ്ട് ഭൂമിയിൽ ജീവിച്ചിരുന്ന ഡൈനോസോറുകളെക്കുറിച്ച് കേട്ടിട്ടില്ലേ. അവയൊക്കെ ഇല്ലാതായത് ഒരിക്കൽ ഏതോ വലിയ ക്ഷുദ്രഗ്രഹം ഭൂമിയിൽ വന്നിടിച്ച ആഘാതത്തിലാണെന്ന് കരുതുന്നു.

എന്താ ഈ ഭൂമിയിൽ ജീവിക്കുന്ന കാര്യം ഓർത്ത് പേടി തോന്നുന്നുണ്ടോ?

# ഷഹ്റസാദ് പറഞ്ഞ കഥകൾ



**അബ്ദുൾ ഖാദർ ബി സി**

ചിത്രീകരണം: അരവിന്ദ് വട്ടംകുളം

മാഷ് മാമനും കുട്ടരും വായനശാലയുടെ മുറ്റത്ത് ബദാംമരച്ചോട്ടിലിരുന്നു.

"കഥ കേൾക്കാൻ എന്നും മനുഷ്യർക്ക് ഇഷ്ടമാണ്. അതുകൊണ്ട് പണ്ടേ നമ്മുടെ നാട്ടിൽ കഥപറച്ചിലുകാർ ധാരാളമുണ്ടായിരുന്നു. 'സൂതൻമാർ' എന്നാണ് അവരെ വിളിച്ചിരുന്നത്.

നാൽക്കവലകളിലും ചന്തകളിലും കുടാരങ്ങൾ നിർമിച്ച് അവിടെ കഥ പറയുന്ന രീതി പണ്ട് അറബിനാട്ടിലുണ്ടായിരുന്നു. ഇങ്ങനെയുണ്ടാക്കിയ കൂടാരങ്ങൾക്ക് 'റാവി' എന്നായിരുന്നു പറയാറ്.

കഥപറച്ചിലുകാർക്ക് വലിയ സ്ഥാനമാനങ്ങൾ അവർ നൽകിയിരുന്നു.

"എവിടെന്നാ അവർക്ക് പറയാൻ കഥകൾ കിട്ടുന്നത്?"ഇന്ദ്രനീല ചോദിച്ചു.

''കച്ചവടക്കാരായ അറബികൾ അവർ പോകുന്ന ദേശങ്ങളിൽ നിന്നെല്ലാം കഥകളും കൂടെ കൊണ്ടുവന്നു.. ചില സ്ഥലങ്ങളിൽ മാസങ്ങൾ താമസിച്ചാണ് കച്ചവട സാധനങ്ങൾ ശേഖരിക്കുക. കച്ചവട സാധനങ്ങളോടൊപ്പം ആ നാട്ടിൽ പ്രചരിച്ചിരുന്ന കഥകളും കൂടെ കൂട്ടും...''



“കഥകൾ കൂടെ കൂട്ടുകയോ?” ആമിക്ക് സംശയം.

“കഥകൾ മാത്രമല്ല. പരദേശങ്ങളിലെ ജീവിതരീതികളും സംസ്കാരവും വിശ്വാസങ്ങളും ആചാരങ്ങളുമൊക്കെ ഇങ്ങനെ നാടുകൾ താണ്ടി വരും. അവ പരന്ന് പരന്ന് വ്യത്യസ്തതകൾ കൈവരിക്കും. കൂട്ടിച്ചേർക്കലുകൾ നടക്കും....

അങ്ങനെ വളർന്ന് വന്നതാണ് മനുഷ്യസംസ്കാരം മനസ്സിലായോ?"

"ഇതൊന്നും എനിക്ക് തിരിയുന്നില്ല. മാഷ് മാമൻ ആയിരത്തൊന്നു രാവുകളിലെ കഥ പറഞ്ഞാൽ മതി..." ആരുഷിന്റെ പരിഭവം.

'ഷഹ്റസാദി'ന് എവിടെനിന്നാണ് ഇത്ര മാധുര്യമേറിയ കഥകൾ കിട്ടിയത്?" ഇന്ദ്രനീല ചോദിച്ചു '

"നാടായ നാടൊക്കെ ചുറ്റിക്കറങ്ങി വരുന്ന വണിക്കുകളിൽനിന്ന്... അങ്ങനെ കേൾവിയിലൂടെ ഓർമയിൽ ശേഖരിച്ച കഥകളാണ് ഷഹ്റസാദ് പറഞ്ഞ് തുടങ്ങിയത്."

മാഷ് മാമൻ ലൈബ്രറിയിലേക്ക് നടന്നു. 'ആയിരത്തൊന്നു രാത്രികൾ' എന്ന തടിയൻ പുസ്തകമെടുത്തു ആരുഷിന്റെ കൈയ്യിൽ കൊടുത്തു. എന്നിട്ട് ചോദിച്ചു:

"ഈ കഥകളുടെ പ്രത്യേകത എന്താണെന്ന് ആരുഷിന് അറിയാമോ?"

" ഞാൻ പറയട്ടെ." ഇന്ദ്രനീലയ്ക്ക് ആവേശം അടക്കാനായില്ല.

"പറഞ്ഞോളൂ... നോക്കട്ടെ."

"ഈ കഥകളാണ് ആ നാട്ടിലെ പെൺകുട്ടികളെ രക്ഷിച്ചത്." ഇന്ദ്രനീല ഒറ്റ ശ്വാസത്തിൽ പറഞ്ഞുനിർത്തി.

മാഷ് ഇന്ദ്രനീലയ്ക്ക് കൈകൊടുത്തു. "നന്നായി. ഇതിലും വലിയൊരു ഉത്തരം എന്റെ ചോദ്യത്തിന് പറയാനില്ല. മിടുക്കി." മാഷ് ഇന്ദ്രനീലയെ അഭിനന്ദിച്ചു.

"അതെ... ഷഹ്റസാദിന്റെ കഥ ആയിരങ്ങളെയാണ് രക്ഷിച്ചത്. അതാണ് കഥയുടെ ശക്തിയും. ആ കഥയാണ് ഇനി പറയാൻ പോകുന്നത്."

"ഇന്ത്യയും ചൈനയും പേർഷ്യയുമൊക്കെ ഉൾപ്പെടുന്ന ഒരു വിശാല ഭൂപ്രദേശത്തിന്റെ ഭരണാധികാരിയായിരുന്നു 'ഷഹരിയാർ'. ജനങ്ങളുടെ ക്ഷേമത്തിനും ഐശ്വര്യത്തിനും മുൻഗണന കൊടുത്തിരുന്ന ഷഹരിയാർ ജനപ്രിയനായിരുന്നു. എന്നാൽ പെട്ടെന്നാണ് സംഗതികൾ തകിടം മറിഞ്ഞത്. താൻ ഏറ്റവും സ്നേഹിക്കുന്ന പ്രിയ പത്നി വഞ്ചകിയാണെന്നറിഞ്ഞപ്പോൾ, ചക്രവർത്തിക്ക് സമനില തെറ്റി. രാജ്ഞിയെ അദ്ദേഹം കൊന്നു. തുടർന്ന് സ്ത്രീവർഗത്തോട് തന്നെ വെറുപ്പായി. ഓരോ ദിവസവും ഷഹ്രിയാർ ഒരു സുന്ദരിയായ പെൺകുട്ടിയെ വിവാഹം കഴിക്കും. ഒരു ദിവസം അവളുടെ കൂടെ കഴിയും. പുലരുന്നതിന് മുമ്പ്



അവളുടെ തലയറുക്കും.

മുൻകോപിയും അരക്കിറുക്കനുമായി മാറിയ ചക്രവർത്തിയിൽനിന്നും ഒളിച്ചുകഴിയാൻ പെൺകുട്ടികൾ ആഗ്രഹിച്ചു. അച്ഛനമ്മമാർ പെൺമക്കളെ പുറത്തിറക്കാൻ മടിച്ചു.

"ഒരു ദിവസം രാജ്ഞിയാവാൻ ഒരൊറ്റ തരുണിയെയും കിട്ടിയില്ല. മന്ത്രിക്ക് ആകെ വെപ്രാ

ളമായി. പെൺകുട്ടിയെ കൂടാതെ കൊട്ടാരത്തിലെത്തിയാലുള്ള അവസ്ഥ മന്ത്രിയെ ഭയപ്പെടുത്തി. വീട്ടുമുറ്റത്ത് തലതാഴ്ത്തി ഉലാത്തുന്ന മന്ത്രിയോട്, മൂത്ത പുത്രി ഷഹ്റസാദ് പറഞ്ഞു:

“ഉപ്പാ ഞാൻ പോകാം. ചിലപ്പോൾ എനിക്ക് ചക്രവർത്തിയുടെ മനസ്സ് മാറ്റാൻ കഴിയും. അങ്ങനെ സംഭവിച്ചാൽ ഈ നാട്ടിലെ യുവതികൾ രക്ഷപ്പെടും. അല്ലെങ്കിൽ... ധീരമായ മരണം.”




ഒരുപാട് നേരത്തെ തർക്കങ്ങൾക്ക് ശേഷം സ്വന്തം പൊന്നുമോളെ, കൊട്ടാരത്തിലേക്ക യയ്ക്കാൻ മന്ത്രി തീരുമാനിച്ചു.

ബുദ്ധിമതിയായിരുന്നു ഷഹ്റസാദ്. അവൾക്ക് അതിമനോഹരമായി കഥകൾ പറയാൻ അറിയാമായിരുന്നു.

ഷഹ്റസാദിന് കൂട്ടായി, അവളുടെ തോഴിയായി അനുജത്തി ദുൻയാസാദ കൊട്ടാരത്തിലേക്ക് പുറപ്പെട്ടു.

രാത്രിയായി... ഷഹ്റസാദ് കൊട്ടാരത്തിലെ മണിയറയിലേക്ക് ആനയിക്കപ്പെട്ടു. ദുൻയാസാദും കൂടെ കൂടി.

രാജാവ് എഴുന്നള്ളി. ആ സമയം ദുൻയാസാദ് ഉറക്കെ കരയാൻ തുടങ്ങി. രാജാവിന് ദേഷ്യം വന്നു. രാജസേവകർ എത്ര ശ്രമിച്ചിട്ടും ദുൻയാസാദ് കരച്ചിൽ നിർത്തുന്നില്ല...

'എനിക്ക് ഇത്താത്തയുടെ കഥ കേൾക്കണം. എന്നും ഇത്താത്ത കഥ പറഞ്ഞാണ് എന്നെ ഉറക്കാറ്... ഈ രാത്രി ഇത്താത്തയുടെ അവസാന രാത്രിയാണ്... എനിക്ക് കഥ കേൾക്കണം. കരച്ചിലിനിടെ' അവൾ വിളിച്ചുപറഞ്ഞുകൊണ്ടിരുന്നു.

അവസാനം രാജാവ് കഥ പറയാൻ ആജ്ഞാപിച്ചു.

ഷഹ്റസാദ് കഥ പറയാൻ തുടങ്ങി. ഷഹ്റസാദിന്റെ കഥകൾ രാജാവിന്റെ ശ്രദ്ധയാകർഷിക്കാൻ അധികസമയം വേണ്ടിവന്നില്ല. അത്ര മധുരമായി ആരും കഥകൾ പറയുന്നത് രാജാവ് അതുവരെ കേട്ടിരുന്നില്ല.

അന്ന് പറഞ്ഞ കഥ തീരും മുമ്പെ നേരം വെളുത്തു. കഥയിൽ രസംപിടിച്ച രാജാവ് അവൾക്ക് ഒരു ദിവസം കൂടി ജീവൻ നീട്ടിക്കൊടുത്തു. അടുത്ത രാത്രിയിലും അതിനടുത്ത രാത്രിയിലും അവൾ കഥകൾ പറഞ്ഞു. ഒന്നിന് പിറകിലൊന്നായി ആയിരത്തൊന്നു രാത്രികൾ അവൾ കഥകൾ പറഞ്ഞു.

കഥയിൽ മുഴുകിയ രാജാവ് കൊലയുടെ കാര്യം മറന്നു. ഓരോ കഥയും കരിങ്കല്ല് പോലെ ദൃഢമായ ആ മനസ്സിനെ പതം'വരുത്തുകയായിരുന്നു. രാജഹൃദയത്തിലെ ക്രൂരതയെ കഴുകിക്കളയുകയായിരുന്നു.

ആയിരത്തൊന്നു രാവുകൾ ഷഹ്റസാദ് കഥപറഞ്ഞു. അപ്പോഴേക്കും അവൾ ചക്രവർത്തിയുടെ മൂന്ന് കുട്ടികളുടെ അമ്മയായി കഴിഞ്ഞിരുന്നു. അങ്ങനെ കഥയിലൂടെ അവൾ മരണത്തെ തടഞ്ഞുനിർത്തി. ക്രൂരനായ ഒരു ചക്രവർത്തിയുടെ ഹൃദയത്തിൽ സ്നേഹവും കാരുണ്യവും നിറച്ചു.” മാഷ് മാമൻ കഥ പറഞ്ഞുനിർത്തി.

പിന്നെ ഒരു ചോദ്യം:

“ആയിരത്തൊന്നു രാവുകളിലെ ഏതെല്ലാം കഥകൾ കൂട്ടുകാർ കേട്ടിട്ടുണ്ട്.”

“അലാവുദ്ദീനും അത്ഭുതവിളക്കും, മുക്കുവനെ പിടിച്ച ഭൂതം... സിൻദ്ബാദിലെ കൊള്ളക്കാർ... ആലിബാബയും... ” കൂട്ടുകാർ വിളിച്ചുപറഞ്ഞുകൊണ്ടിരുന്നു.

"ലോകപ്രശസ്തങ്ങളായ അറബിക്കഥകളിൽ

അറബിക്കഥകളിൽ നിന്ന് ഒരു കുഞ്ഞു കഥ

# സൗഹൃദം



"ഒരിടത്ത് ഒരിടത്ത് ഒരു കാക്കയും വെരുകുമുണ്ടായിരുന്നു. അവർ ഉറ്റ സുഹൃത്തുക്കളായിരുന്നു. മിക്ക സമയത്തും അവർ ഒരുമിച്ചായിരിക്കും. നേരമ്പോക്ക് പറഞ്ഞും കളികളിലേർപ്പെട്ടും അവർ സന്തോഷത്തോടെ ജീവിച്ചുപോന്നു.

ഒരു ദിവസം സംഭാഷണത്തിൽ മുഴുകിയിരിക്കേ അവർ കടുവ വരുന്നത് കണ്ടില്ല. കടുവ അലറി പാഞ്ഞടുക്കുകയാണ്. മരത്തിന്റെ താഴെ കൊമ്പിലിരുന്ന കാക്ക പെട്ടെന്ന് മുകളിലേക്ക് പറന്നു. വെരുക് എങ്ങോട്ട് പോകും? ഏത് ദിശയിൽ നിന്നാണ് കടുവയുടെ ശബ്ദം കേൾക്കുന്നതെന്ന് മനസ്സിലാവുന്നുമില്ല.

'ഞാനെന്ത് ചെയ്യും?' വെരുക് കാക്കയോട് ചോദിച്ചു.

സുഹൃത്തിനെ എങ്ങനെയാണ് രക്ഷിക്കുക. കാക്ക ആലോചിച്ചു. സുഹൃത്തിനെ ഒറ്റയ്ക്കിട്ട് പോകുന്നത് ശരിയല്ല. സുഹൃത്തിന് വേണ്ടി ജീവൻ കൊടുക്കാൻ കഴിയണം. കാക്ക ദൂരേയ്ക്ക് പറന്നു. അൽപ്പമകലെ ഒരാട്ടിൻകൂട്ടം മേയുന്നുണ്ടായിരുന്നു. ആട്ടിടയന്റെ കൂടെ രണ്ട് വേട്ടനായ്ക്കളുമുണ്ടായിരുന്നു.

ഇത് തന്നെ അവസരം. കാക്ക താഴ്ന്ന് പറന്ന് വേട്ടനായ്ക്കളുടെ തലയിൽ കൊത്തി. അവ ദേഷ്യപ്പെട്ട് കുരച്ച് ചാടി. അടുത്തും അകന്നും പറന്ന് കാക്ക വേട്ടനായ്ക്കളെ ശല്യം ചെയ്തുകൊണ്ടേയിരുന്നു.

നായ്ക്കളുടെ കുരയും ബഹളവും കേട്ട് കടുവ സ്ഥലം വിട്ടു. അങ്ങനെ കാക്ക വെരുകിനെ രക്ഷിച്ചു.

ചിലതാണ് കൂട്ടുകാർ പറഞ്ഞത്. " മാഷ് മാമൻ തുടർന്നു. "അറേബ്യയിലും പേർഷ്യയിലുമൊക്കെ പല പല കാലങ്ങളിലായി പ്രചരിച്ചുവന്ന കഥകളാണ് പതിനഞ്ചാം നൂറ്റാണ്ടിൽ 'അറബിക്കഥകൾ' എന്ന പേരിൽ സമാഹരിക്കപ്പെട്ടത്.

അറബിക്കഥകൾ നമ്മുടെ നാട്ടിലും ധാരാളം എഴുത്തുകാരെ ആകർഷിച്ചിട്ടുണ്ട്. ഇന്നും അറബിക്കഥകൾക്ക് പുനരാഖ്യാനങ്ങൾ പുറത്തുവന്നുകൊണ്ടേയിരിക്കുന്നു.

'1880 ൽ തോബിയാസ് സക്കറിയാസ് പുറത്തിറക്കിയ 'സിൻബാദിലെ കപ്പലോട്ടം' ആണ് ഇത്തരത്തിലെ ആദ്യ പുസ്തകം. തുടർന്ന് കെ.പത്മനാഭപിള്ളയുടെ ആലിബാബ (1914), കെ.പി.ഉക്കണ്ടനുണ്ണിയുടെ 'സിൻബാദ് കപ്പൽക്കാരൻ' (1915) രമണാചാര്യർ എഴുതിയ അലാവുദ്ദീൻ (1915) തുടങ്ങി ഒട്ടേറെ കൃതികൾ തുരുതുരെ വന്നുകൊണ്ടിരുന്നു നാടകം, സിനിമ... തുടങ്ങി ഒട്ടേറെ രൂപങ്ങളിൽ അറബിക്കഥകൾ പുനരാഖ്യാനം ചെയ്യപ്പെട്ടു."

"മരണത്തിന്റെ കൂടെയല്ല, മരണത്തെപ്പോലും കീഴടക്കാൻ കഴിവുള്ള മഹത്തായ ജീവിതത്തിന്റെ കൂടെയാണ് കഥ എന്ന് 'ആയിരത്തൊന്ന് രാവുകൾ' കൂടെക്കൂടെ നമ്മെ ഓർമിപ്പിച്ചുകൊണ്ടിരിക്കുന്നു." മാഷ് എഴുന്നേറ്റു.

# യുറീക്കയോട് ചോദിക്കൂ...

നിങ്ങളുടെ സംശയങ്ങൾ യുറീക്കയ്ക്ക് അയയ്ക്കൂ. അവയ്ക്ക് വിദഗ്ധർ ഈ പംക്തിയിലൂടെ ഉത്തരം നൽകും.

## തൊട്ടാവാടി തൊട്ടാൽ വാടുന്നതെന്തുകൊണ്ട്?



പഠനോത്സവം തീരാറായ സമയത്ത് എല്ലാവരെയും കൂടി ഒരു ക്ലാസിൽ ഇരുത്തി. അതിഥിയായി വന്ന അങ്കിൾ ചോദിച്ചു, തൊട്ടാവാടിയെ തൊടുമ്പോൾ എന്താണ് അത് ചുരുങ്ങിപ്പോകുന്നതെന്ന്. ആരും അതിന് ഉത്തരം പറഞ്ഞില്ല. അവസാനം അങ്കിൾ തന്നെ ഉത്തരം പറഞ്ഞു. പക്ഷേ, എനിക്ക് ഒന്നും മനസ്സിലായില്ല. ഇതിനുള്ള ഉത്തരം നീയൊന്നു പറഞ്ഞു തരുമോ യുറീക്കേ.

**പവിത്ര സുരേഷ്,** 6 എ, ഗാർഡിയൻ എയ്ഞ്ചൽസ് യു.പി. എസ്., മഞ്ഞുമ്മൽ –683501

തൊടിയിലെ തൊട്ടാവാടിയെ ഒന്ന് തൊട്ട് അതിന്റെ ഇലകൾ കൂമ്പിപ്പോവുന്നത് നോക്കിനിൽക്കാൻ എന്ത് രസമാണല്ലേ. തൊട്ടാവാടി എന്ന പേര് തന്നെ നല്ല രസികൻ പേരായി തോന്നിയിട്ടില്ലേ. അതിന്റെ ഇലകൾ ഇങ്ങനെ വാടിപ്പോവുന്നത് വെള്ളവുമായി ബന്ധപ്പെട്ട ഒരു കാര്യമാണെന്ന് കേൾക്കുമ്പോൾ അത്ഭുതം തോന്നാം. എന്നാൽ പറയാം.


ശ്രദ്ധിച്ചു നോക്കൂ. തൊട്ടാവാടിയുടെ ഇലത്തണ്ടിന്റെ അടിഭാഗം തടിച്ചിരിക്കും. ഒരു മുഴ പോലെ. തണ്ടിൽനിന്നുള്ള ചെറുപത്രങ്ങളുടെ അടിഭാഗത്തിനും വലിപ്പം കൂടും. ഈ ഭാഗത്തെ സ്ഥൂലസന്ധി (pulvinus) എന്നാണ് പറയുക. സ്ഥൂലസന്ധിയിലെ കോശങ്ങളിലൂടെ വെള്ളം അങ്ങോട്ടുമിങ്ങോട്ടും തടസമില്ലാതെ സഞ്ചരിക്കുന്നു. പക്ഷേ, ഒരു ഭാഗത്തെ കോശങ്ങളിലൂടെ വെള്ളം വളരെവേഗം സഞ്ചരിക്കുമ്പോൾ മറുഭാഗത്തെ കോശങ്ങളിലൂടെ വെള്ളം മെല്ലെ മാത്രമേ സഞ്ചരിക്കുകയുള്ളൂ.



തൊട്ടാവാടിച്ചെടിയെ തൊടുമ്പോൾ സ്ഥൂലസന്ധിയിലെ കോശങ്ങളിൽനിന്നും വെള്ളം ഒരു ഭാഗത്തുകൂടെ മാത്രം ചെടിയുടെ കാണ്ഡത്തിലേക്ക് പെട്ടെന്ന് പ്രവഹിക്കും. ഇത് ഈ കോശത്തിനുള്ളിലെ പദാർഥങ്ങൾ കോശഭിത്തിയിൽ ചെലുത്തുന്ന മർദം (turgot pressure) കുറയ്ക്കുന്നു. ഇതുകൊണ്ടാണ് ഇലഞെട്ടും ഇലകളും തൊടുമ്പോൾ പെട്ടെന്ന് വാടുന്നത്. ഇതെല്ലാം സംഭവിക്കുന്നത് ഒരു നിമിഷത്തിന്റെ പത്തിലൊന്ന് സമയം കൊണ്ടാണ്. ഈ കോശങ്ങളിലേക്ക് വെള്ളം വന്ന് നിറയുകയും ആവശ്യമായ മർദം ഇവയ്ക്ക് ലഭിക്കുകയും ചെയ്യുമ്പോൾ ഇലഞെട്ടും ഇലകളും വീണ്ടും വിടർന്നുവരും. സാധാരണഗതിയിൽ ഏതാണ്ട് പത്തുമിനിറ്റിനകം കൂമ്പിയ ഇലകൾ ഇങ്ങനെ പൂർവസ്ഥിതിയിലാകും.

(അവലംബം: 'എന്തുകൊണ്ട്? എന്തുകൊണ്ട്? എന്തുകൊണ്ട്?')

# പരിഭവമില്ലാതെ



ജോസ് പ്രസാദ്

ചിത്രീകരണം: കെ.സതീഷ്




ഇലകൾ വെടിഞ്ഞൊരു
ചില്ലകളിൽ
കുലയായങ്ങനെ കാണുമ്പോൾ
മീനച്ചൂടിൽ ശീമക്കൊന്ന
പൂക്കൾ കുളിരായ് നിറയുന്നു.

റോസു നിറത്തിൽ വിടരും പൂക്കൾ
പതുക്കെ മാറി വെളുപ്പാകും
തെന്നലുമൊത്തവയാടിപ്പാടും.
ആഴ്ചകളങ്ങനെ നിലനിൽക്കും
വിരുന്നിനെത്തും പൂമ്പാറ്റകളും
തേനീച്ചകളും വണ്ടുകളും.

തലയിൽ ചൂടാനാർക്കും വേണ്ട
പൂജയ്ക്കാരുമെടുക്കില്ല
ചേതനയറ്റ ജഡത്തിനു മുന്നിൽ –
പ്പോലും ഒരു കുല വെക്കില്ല!
ഇന്നേവരെയും കവികളിലാരും
വർണിച്ചില്ലാ സൗന്ദര്യം!
എങ്കിലുമൊട്ടും പരിഭവമില്ലാ–
തിങ്ങനെയെങ്ങനെ നിൽപ്പൂ നീ!

✷

# കാഴ്ചപ്പുറം

സുരഭിവചന

## ദിനാചരണം

പ്രകൃതിസംരക്ഷണത്തിന് ഒരു ലോകദിനം ഉണ്ട്. ജൂലൈ 28 ആണത്. നാൾക്കുനാൾ നശിച്ചുകൊണ്ടിരിക്കുന്ന വനങ്ങളെക്കുറിച്ചോർക്കാനും യാഥാർഥ്യങ്ങൾ തിരിച്ചറിയാനും പ്രകൃതി സംരക്ഷണത്തിന്റെ ലക്ഷ്യങ്ങൾ മനുഷ്യനിലെത്തിക്കാനും ഒരു ദിനം. പ്രകൃതി സംരക്ഷണം എന്നു പറഞ്ഞാൽ വനസംരക്ഷണം മാത്രമല്ലല്ലോ. നദീസംരക്ഷണമുണ്ട്, ജീവജാല സംരക്ഷണമുണ്ട്, മണ്ണും മലയും സംരക്ഷിക്കാനുണ്ട്. ഭൂമിയിൽ മനുഷ്യർക്ക് മാത്രം നിലനിൽപ്പില്ലെന്ന സത്യം മനസ്സിലാക്കിക്കേണ്ട ചുമതലകൂടി ഈ ദിനത്തിനുണ്ട്.

കൂട്ടുകാർക്ക് പ്രകൃതിസംരക്ഷണ ദിനത്തിൽ എന്തുചെയ്യാനാവും?

പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ദൃഢമായ ബന്ധം ഊട്ടിഉറപ്പിച്ച് ഒരു പോസ്റ്റർ ഡിസൈൻ ചെയ്യാമോ? ചിത്രം മാത്രം പോര. കുറഞ്ഞ വാക്കുകളിൽ ശക്തമായ സന്ദേശങ്ങളും വേണം. നിങ്ങൾ തയ്യാറാക്കിയ പോസ്റ്റർ വാട്ട്സ് ആപ്പിലൂടെ അയയ്ക്കുക. മികച്ചവയ്ക്ക് സമ്മാനം.

വാട്ട്സ് ആപ്പ് : 9497172919

## സമ്മാനച്ചോദ്യം



**ഇത് ആരുടെ കുട്ടിക്കാലം? ഫോട്ടോ തിരിച്ചറിയൂ.**

ഉത്തരം 9497172919 വാട്ട്സ് ആപ്പ് ചെയ്യൂ.



# പ്രകൃതിയും മ

## ചുറ്റുപാട്

# ഇങ്ങനെയുണ്ടോ ഒരുറ



ഇടിവെട്ടി
ചെടികളുണ്ടെന്ന
അങ്ങനെയല്ല.
ഉയ്ക്കുകയും കായ്ക്കു
വയാണിവ. ഇ
ചെടികളെ നി
കയും ചെയ്യും. എ
യിലാണ് ഇത്ത
ണ്ടാവുന്നതെങ്കി
മഴ വരാനായി
ത്തിരിപ്പിലായിരി
അപൂർവമായി
മഴയ്ക്കുശേഷം ഇ
ത്തിൽ വളരുകയു
ട്ടോ. പൂക്കുന്നതു
എല്ലാം പെട്ടെന്നു
എല്ലാം തീർന്നു.
ഴിഞ്ഞ് അവ ഉ
പോവും. മരുഭൂമി
യൊന്നും അറി
മഴ ഉണർത്തുന്ന
ഉറക്കം.



## ജലജീവിതം

# നിശ്ചലമായി, മീനുകൾ...

വെള്ളത്തിലേക്ക് നോക്കുമ്പോൾ അല്ലെങ്കിൽ അക്വേറിയത്തിലേക്ക് നോക്കുമ്പോൾ മീനുകൾ ചിലപ്പോൾ അനങ്ങാതെ വെള്ളത്തിനു മുകളിൽ പൊങ്ങിനിൽക്കുന്നതു കണ്ടിട്ടില്ലേ... എന്തു പറ്റീന്ന് പലരും വിചാരിക്കും. ഇത് മീനിന്റെ ഒരു സവിശേഷതയാണ്. മീനിന്റെ ശരീരത്തിനകത്ത് ബലൂൺ പോലെ ഒരു വാതക സഞ്ചിയുണ്ട്. ഇതാണ് ഇങ്ങനെ നിൽക്കാൻ മീനിനെ സഹായിക്കുന്നത്. ഓക്സിജന്റെയും കാർബൺ ഡൈ ഓക്സൈഡിന്റെയും നൈട്രജന്റെയും ഒരു മിശ്രിതം ഈ സഞ്ചിക്കകത്തുണ്ടാവും. മീനുകൾ അവരുടെ സഞ്ചിക്കുള്ളിലെ വാതകത്തിന്റെ ഉള്ളളവ് കൂട്ടുകയും കുറയ്ക്കുകയും ചെയ്ത് അവയുടെ ഭാരം ക്രമീകരിക്കുന്നു. ഇങ്ങനെയാണ് വെള്ളത്തിൽ നിശ്ചലമായി കിടക്കുന്നത്.



നുഷ്യനും

ക്കം

യാൽ പൂക്കുന്ന
് പറയാറുണ്ട്.
മഴയ്ക്ക് ശേഷം മു
കയും ചെയ്യുന്ന
ത്തരം ഒരുപാട്
ങൾക്ക് അറിയു
ന്നാൽ മരുഭൂമി
രം സസ്യങ്ങളു
ലോ? ഒന്നുമില്ല,
അവ നീണ്ട കാ
ങ്ങമെന്ന് മാത്രം.
മാത്രം കിട്ടുന്ന
ല മുളയ്ക്കും. വേഗ
ം ചെയ്യും. എന്നി
ം കായ്ക്കുന്നതും
തന്നെ. പിന്നെ
വിത്തുകൾ പൊ
ക്കത്തിലേക്ക്
യിലെ വരൾച്ച
ാതെ അടുത്ത
ും കാത്ത് നീണ്ട



## പുതിയ വാർത്ത


# വെറുതെ വിടില്ല!

റഫീക്കി ഒരു സിൽവർബാക്ക് ഗൊറില്ലയായിരുന്നു. വയസ്സ് 25. ഉഗാണ്ടയിലെ ബ്വിൻഡി ഇമ്പനിട്രബിൾ നാഷണൽ പാർക്കിലായിരുന്നു റഫീക്കിയുടെ താമസം. ഇക്കഴിഞ്ഞ ജൂൺ 1 മുതൽ റഫീക്കിയെ കാണാനില്ലാതാവുകയായിരുന്നു. തുടർന്ന് വലിയ അന്വേഷണം ആരംഭിച്ചു. അങ്ങനെയാണ് റഫീക്കിയുടെ മൃതദേഹം കണ്ടുകിട്ടുന്നത്. പാർക്കിനടുത്ത, ഗ്രാമവാസികളാണ് ഗൊറില്ലയെ ആക്രമിച്ചു കൊന്നത്. വേട്ടയാടാൻ പാർക്കിലെത്തിയവരെ റഫീക്കി ആക്രമിക്കുകയായിരുന്നു. അപ്പോൾ അതിക്രമിച്ച് കയറിയ നാലുപേർ മൂർച്ചയേറിയ ആയുധങ്ങൾ കൊണ്ട് ഗൊറില്ലയെ വകവരുത്തുകയായിരുന്നു. മനുഷ്യന്റെ ഇടപെടൽ മൂലം സ്വാഭാവിക വാസസ്ഥലം നഷ്ടപ്പെട്ട ജീവികളിൽ ഉൾപ്പെടുന്നവയാണിവയും. വംശനാശ ഭീഷണിയിലാണിവ.



റഫീക്കി അടക്കം 17 ഗൊറില്ലകളാണ് പാർക്കിലുണ്ടായിരുന്നത്. ആഫ്രിക്കയിലെ റുവാണ്ട, ഉഗാണ്ട, കോംഗോ എന്നീ മേഖലകളിലായി വളരെ കുറച്ചെണ്ണം ഗൊറില്ലകൾ മാത്രമേ ഇപ്പോൾ അവശേഷിക്കുന്നുള്ളൂ.

# സൃഷ്ടി



## മ്യാവൂ കൊറോണ

**തൻമയ എം ഷാജു**
6 സി, കേന്ദ്രീയ വിദ്യാലയം, പയ്യന്നൂർ



ചിത്രീകരണം: **ആൽവിയ അജിത്ത്**, 5 ാം തരം, ജി.യു.പി.എസ്. വേളമാനൂർ, കൊല്ലം

ഓ, ഈ മനുഷ്യമ്മാരെക്കൊണ്ട് തോറ്റു!
വീട്ടുമുറ്റത്തിറങ്ങാറില്ല, പേടിത്തൊണ്ടൻമാർ.
നമ്മുടെ മിത്രം, കൊറോണ കലക്കി!
പക്ഷേ, ചവച്ചിറക്കാൻ എന്തുണ്ട്?
എത്ര കരഞ്ഞു, എത്ര മയങ്ങി,
ഇവരുടെ മനസ്സ് തണ്ക്കണില്ല!
ഒരു കൈ വിട്ടാൽ മറ്റൊന്ന്,
അല്ലെങ്കിം ഒരു പൂച്ചേ ഇങ്ങനെ പട്ടിണിക്കിടാൻ പറ്റ്വോ?

## ഏലിയൻ വൈറസ്

**ശ്രാവൺ ഹരി**
5 ഡി,കൃഷ്ണ എ യു.പി.സ്കൂൾ, തച്ചിങ്ങനാടം, മലപ്പുറം ജില്ല

ഞാൻ മങ്കാട്ടു. നിങ്ങളെന്നെ കണ്ടിട്ടുണ്ടാവില്ല; മനുഷ്യർക്ക് ഞാൻ അദൃശ്യനാണ്.

ഭൂമിയിലെ അന്തേവാസിയല്ല.

മോട്ടിസ് നക്ഷത്രത്തെ വലംവെക്കുന്ന വെറ്റീനസ് എന്ന കുഞ്ഞിഗ്രഹത്തിൽ നിന്ന് വരുന്നു. ഭൂമിയിലെ മനുഷ്യരേക്കാൾ എത്രയോ മടങ്ങ് വികസിതരും ബുദ്ധിയുള്ളവരുമാണ് ഞങ്ങൾ.

നിങ്ങൾ സ്വർഗം എന്നു പറയാറില്ലേ.. അതിനു തുല്യമാണ് ഞങ്ങളുടെ നാട്.

എന്റെ മുത്തച്ഛൻ പണ്ട് പണ്ടെങ്ങാണ്ടൊ ഭൂമിയിൽ വന്നിരുന്നു. ഭൂമിയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ വർണന അതിമനോഹരമായിരുന്നു. മറ്റുള്ളവരെ സഹായിച്ചും, പ്രകൃതിയെ പരിപാലിച്ചും, മറ്റ് ജീവികളെ സ്നേഹിച്ചും, വസിക്കുന്ന നല്ല സ്വഭാവമുള്ള മനുഷ്യർ...

അതുകേട്ടാണ് എനിക്ക് ഭൂമിയിലേക്ക് വരാൻ ആഗ്രഹം തോന്നിയത്. അങ്ങനെ ഞാൻ എന്റെ പറക്കും തളികയിൽ കയറി ഭൂമിയിലേക്ക് യാത്രയായി.

പക്ഷേ, ഭൂമിയിൽ വന്നിട്ട് ഞാൻ കണ്ടതോ? നിങ്ങളുടെ പ്രവൃത്തികൾ കാരണം പൊറുതിമുട്ടിയ പ്രകൃതിയെ! പ്രകൃതിയെ, നശിപ്പിച്ച് വികസിതരാണെന്ന് അഹങ്കരിക്കുന്ന മനുഷ്യർ.



# പുഴ പോലെ

**സായന്ത്**
ഏഴാം ക്ലാസ്, നരിക്കുന്ന് യു.പി.സ്കൂൾ, എടച്ചേരി
വടകര, കോഴിക്കോട്

എന്നെ അറിയാൻ
ഉള്ള് നിറയുന്ന
ഒരു കുഞ്ഞു പുഴയാണ്
എന്റെ അമ്മ



ചിത്രീകരണം: **ജാനകി എസ്. കുമാർ,** 6 ബി, എസ്.വി.എൻ.എസ്.എസ്. യു.പി.എസ്.
ആറ്റുവാശ്ശേരി, കൊല്ലം

മതത്തിന്റെയും രാഷ്ട്രീയത്തിന്റെയും പേരിൽ തമ്മിൽ തമ്മിൽ യുദ്ധം ചെയ്യാനും കൊല്ലാനും മടിയില്ലാത്തവർ.. സ്വന്തം സുഖത്തിനുവേണ്ടി മറ്റു ജീവികളുടെ ജീവിക്കാനുള്ള അവകാശം ഇല്ലാതാക്കുന്നവർ...

എനിക്ക് സങ്കടം തോന്നി. ഞാൻ തിരിച്ചു പോന്നു.

ഭൂമിയിലെ മനുഷ്യരുടെ അഹങ്കാരം ഒന്ന് ശമിപ്പിക്കണമല്ലൊ? സുഹൃത്ത് മിയാത്തയാണ് ഉപായം പറഞ്ഞുതന്നത്. "സമയത്തേയും, കാലത്തേയും, പരിസ്ഥിതിയേയും, ചുറ്റുപാടുകളേയും കുറിച്ച് നല്ല ബോധമുണ്ടാവാൻ അവർ കുറച്ച് കാലം വീട്ടിലിരിക്കട്ടെ."



"ആരുമറിയണ്ട... നമുക്ക് നമ്മുടെ ലാബിലുള്ള 'വുഹിൻ' വൈറസ്സിനെ ഭൂമിയിലേക്ക് കൊണ്ടുപോയി വിതറാം..."

ഞങ്ങൾ വുഹിൻ വൈറസിനേയും എടുത്ത് ഭൂമിയിലെത്തി. ആ വൈറസ്സിന്റെ പേരിനോട് സാമ്യമുള്ള ചൈനയിലെ വുഹാൻ എന്ന സ്ഥലത്ത് കൊണ്ടിട്ടു.

ഈ വുഹിൻ വൈറസാണ് 'നോവൽ കൊറോണ' എന്ന് നിങ്ങൾ വിളിക്കുന്ന വൈറസ്. കൊവിഡ് 19 എന്ന മഹാമാരി ഉണ്ടാക്കിയ വൈറസ്.

ബാക്ടീരിയകളേയും വൈറസുകളേയും വലിയ പ്രളയത്തേയും ചുഴലിക്കാറ്റിനേയും അതിജീവിച്ചവരല്ലേ നിങ്ങൾ? ഇതും നിങ്ങൾ അതിജീവിക്കും.

പൂർവാധികം ശക്തിയോടെ, സന്തോഷത്തോടെ നിങ്ങൾ ജീവിതത്തിലേക്ക് തിരിച്ചു വരും. എനിക്ക് ഉറപ്പുണ്ട്... ഭയമല്ല, ജാഗ്രതയാണ് വേണ്ടത്.

ചിത്രീകരണം: **സ്വാതി സരീഷ്,** 5 ാം തരം, എസ്.എം.ജി.എച്ച്.എസ്.
കാഞ്ഞിരപ്പള്ളി, കോട്ടയം

ഞാറ്റടി

# തവളയും കൂണും

ശ്രീകല
ഒന്നാം ക്ലാസ്സ്, ചോക്ക് അന്റ് ഡസ്റ്റർ സ്കൂൾ, പറവൂർ, എറണാകുളം ജില്ല



ചിത്രീകരണം: **കാർത്തിക ആർ**,7 ഡി, ജി.എച്ച്.എസ്.എസ്. മുതലമട, പാലക്കാട്

മഴ പെയ്യുന്ന സമയത്ത് തവള പേക്രോം പേക്രോം ശബ്ദം ഉണ്ടാക്കും. ഒരു ദിവസം വലിയ കൊടുങ്കാറ്റും ഭയങ്കര മഴയും വന്നു.


തവളയ്ക്ക് അവിടെ നിൽക്കാൻ കഴിഞ്ഞില്ല. മഴവെള്ളം വീഴാത്ത സ്ഥലം തേടി നടന്നു. കുറെ നടന്നപ്പോൾ ഒരു കൂണിന്റെ മുന്നിലെത്തി.

ഹാവൂ ഇവിടെ ഇരിക്കാം, അങ്ങനെ അത് കൂണിന് താഴെയിരുന്നു. അറിയാതെ ഉറങ്ങിപ്പോയി. കണ്ണ് തുറന്ന് നോക്കിയപ്പോൾ നേരം വെളുത്തു. തവള കൂണിന് നന്ദി പറഞ്ഞ് ചാടി ചാടി സ്വന്തം താമസ സ്ഥലത്ത് എത്തി.

# ജാഗ്രത

**സമർത്ഥ്യ ഗണേഷ്**
ഏഴാം ക്ലാസ്, നരിക്കുന്ന് യു.പി.സ്കൂൾ, എടച്ചേരി, വടകര, കോഴിക്കോട്

തീയടുത്തടുത്ത് വരുന്നൂ,
ഒന്നുമറിയാതെ,
തീപ്പെട്ടിക്കൊള്ളികൾ
കുശലം പറഞ്ഞു:
"ലോകാവസാനമാണെന്നോ,യെന്തോ
രോഗമീ പ്രകൃതിയെ ചുറ്റിവളയുന്നു"
തീയടുത്തേക്ക് വരികയാണെങ്കിലും
തടയാനറിയാതെ കൊള്ളികളും.
ജാഗ്രത വേണം,
പടർന്നു പന്തലിക്കാനനുവദിക്കാതെ
ഒരൊറ്റ തീപ്പെട്ടിക്കൊള്ളി
താഴ്ന്നു കൊടുക്കൂ, തീരുമീ
പിടിമുറുക്കിയൊരീ മഹാമാരി



ചിത്രീകരണം: **ദുർഗ എസ് ദിനേഷ്**,5 ാം തരം, എൻ.എസ്.എം.ജി.എച്ച്. എസ്. കൊട്ടിയം, കൊല്ലം

# മഴ

**ആത്മിക അനൂപ്**
ഒന്നാം തരം, നരിക്കുന്ന്.യു.പി.സ്കൂൾ, എടച്ചേരി, വടകര, കോഴിക്കോട്



മഴ മഴ മഴ മഴ മഴ വന്നു
കുട്ടികൾ വേഗം കുട ചൂടി
ണ്ടും ണ്ടും ണ്ടും ണ്ടും ഇടി വെട്ടി
കുട്ടികൾ കേട്ടു പേടിച്ചു


ചിത്രീകരണം:
**ആരാധ്യ എസ്.അനിൽകുമാർ,**
4 ാം തരം, എസ്.സി.വി.എച്ച്.
എസ്.എസ്. കുറ്റനാട്,
പാലക്കാട്

# കുന്നിൻ മുകളിലെ ആകാശം



**ശാന്തിദേവി കെ ആർ**

ചിത്രീകരണം: രാജീവ് എൻ ടി



പരുന്തുകൾ വട്ടമിട്ടു പറക്കുന്ന കടൽപ്പരപ്പിലെ ആകാശമാണ് കുട്ടൻ എന്നും കാണാറുള്ളത്. അങ്ങു ദൂരെ കടൽ ആകാശം മുട്ടുന്ന ഇടം വരെ എന്നുമവൻ നോക്കി നിൽക്കും.

കടലിനുള്ളിൽ നിന്നു വരുന്ന കപ്പൽ വലിപ്പത്തിലുള്ള മീൻപിടുത്ത ബോട്ടുകളെ അങ്ങനെ നോക്കി നിൽക്കുമ്പോൾ വഞ്ചിയിൽ കടലിലേക്കു പോയ അച്ഛനെ അവൻ ഓർക്കും.

കടലിനുള്ളിൽ വലിയ കൊട്ടാരമുണ്ടന്നാ ഇച്ചാമ്പി പറയാറ്. ഇച്ചാമ്പി ഇന്നുവരെ കടലീ പോയിട്ടില്ല. ന്നാലും എന്തോരം കാര്യാ അവൻ പറയുന്നത്.

ആ കൊട്ടാരത്തിലാവ്വോ അച്ഛനുള്ളത്.

കടലീപ്പോണ ജോസപ്പേട്ടൻ പറയണത് ഇച്ചാമ്പി നൊണ പറയ്ണ്ന്നാ!

ഇച്ചാമ്പി പറയണ വിശ്വസിക്കാനാ കുട്ടനിഷ്ടം. ആ കൊട്ടാരത്തി അച്ഛനുണ്ടാവൂലോ! കുട്ടൻ വലുതാവുമ്പോഴേക്കും വര്വായിരിക്കും!

വലുതാവുമ്പോ ഒരീസം ജോസപ്പേട്ടന്റെ കൂടെ കടലീപ്പോണം.

ഇപ്പൊ, കടൽക്കാക്കകളും ആകാശത്തു പറക്കുന്നുണ്ട്. പൊങ്ങി പറന്ന്, താഴത്തേക്ക്, വെള്ളത്തിലേക്ക് ആഴ്ന്ന് ചെറു മീനുകളെ കൊത്തി വീണ്ടും പറന്നു പൊങ്ങുന്ന പക്ഷികൾ. കുട്ടന് സന്തോഷം തോന്നി.

വെയിലിന്റെ ചൂട് കുറഞ്ഞുവരുന്നുണ്ട്. ടൂറിസ്റ്റുകളെം കൊണ്ടുള്ള വണ്ടികൾ വന്നു തുടങ്ങി.

ഏതെല്ലാം നാട്ടീന്നുള്ള ആളുകളാ വരുന്നെ. അവര് പറത്തണ പട്ടം ണ്ടാക്കണത് അമ്മയാ!

ഓരോ പട്ടത്തിനും ചരടു പിടിപ്പിക്കുമ്പോ വിചാരിക്കും, ഈ പട്ടം പോലെ ഉയർന്ന് ആകാശം

**ഓരോ പട്ടത്തിനും ചരടു പിടിപ്പിക്കുമ്പോ വിചാരിക്കും, ഈ പട്ടം പോലെ ഉയർന്ന് ആകാശം മുട്ടി ദൂരെ ദൂരെ വേറൊരു നാട്ടിലേക്ക് പോവാംന്ന്.**

മുട്ടി ദൂരെ ദൂരെ വേറൊരു നാട്ടിലേക്ക് പോവാംന്ന്.

ന്നാള് വണ്ടീല് അങ്ങു ദൂരേന്ന് വന്ന ചന്തുവാ പറഞ്ഞെ, അവന്റെ നാട്ടില് മലയുണ്ടെന്ന്. വല്യ പാറകളും വെള്ളാരം കല്ലുകളുമുള്ള മലകൾ. വല്യ മൃഗങ്ങളും ആനകളും ക്കെ ഇണ്ട്ന്ന്. വല്യ വല്യ മരങ്ങളാത്രെ!

ണ്ടാവ്വോ? ണ്ടാവും ല്ലേ? ചന്തു നല്ല കുട്ടിയാ. അവൻ തന്നോട് മിണ്ടീ ലോ! യാത്രേല് അവന്റെ കാല് എവിടെയൊ തട്ടിപ്പൊട്ടീന്ന്.

വല്യേ കുന്നിന്റെ മോളീക്കേറി പട്ടം പറത്താൻ പറ്റ്വോ?


പറ്റില്ലാന്നാ അമ്മ പറയണത്. താഴേക്കു വീണു പോവൂന്ന്.

ന്നാലും ആകാശം അടുത്തു കാണാലോ! ഒന്നു കൈകൊണ്ടു തൊടാൻ എന്തു രസായിരിക്കും.

കുട്ടാ... കുട്ടാ... എണീക്ക്. എന്താ നീ ചിരിക്കണത്.

അകലെ കുന്നിൻ മുകളിലെ ആകാശത്തിലൂടെ പട്ടത്തിൽ പറന്നു പോയത് അമ്മയോട് പറയണോ?

ഏയ്, ഒന്നൂല്ലമ്മേ. കുട്ടൻ തിരിഞ്ഞു കിടന്നു.





പ്രേമജ ഹരീന്ദ്രൻ

10

ചിത്രീകരണം: റോഷൻ




അന്ന് രാവിലെ ഉമ്മ വിളിക്കാതെ തന്നെ സുപ്പു ഉണർന്നു.

"ഉമ്മാ എന്റെ കുപ്പായം ഇസ്തിരിയിട്ടുതരുമോ?"

"യ്യോ മോനേ, ഉമ്മയ്ക്ക് ഇത്തിരി പണി കൂടി ബാക്കിയുണ്ടല്ലോ."

ഉമ്മയ്ക്ക് തിരക്കാണെന്ന് കണ്ട് സുപ്പു തന്നെ ഒരു പാത്രത്തിൽ വെള്ളമെടുത്ത് പായയിൽ നിവർത്തിവെച്ച കുപ്പായത്തിന്റെ പുറത്തുകൂടി ഉരസാൻ തുടങ്ങി.

കുളിച്ച് നല്ല വൃത്തിയായി മുടി ചീകിയൊതുക്കി ബാഗുമെടുത്ത് ഇറങ്ങി.

"ഉമ്മാ ഞാമ്പോണൂട്ടാ" സുപ്പു പറഞ്ഞു.

സ്കൂളിലേക്ക് തിരിയുന്ന വഴിയിൽ വിനയ ടീച്ചർ അവനെ കാത്തുനിൽക്കുന്നുണ്ടായിരുന്നു.

"ഓ! സുപ്പു നല്ല സുന്ദരനായിട്ടുണ്ടല്ലോ."

അതുകേട്ട അവൻ നിറഞ്ഞു ചിരിച്ചു. ഈയിടെയായി സുപ്പു ആരോടും വഴക്കിന് നിൽക്കാറേയില്ല. കൃത്യമായി സ്കൂളിൽ വരാറുണ്ട്. ടീച്ചറെ വലിയ കാര്യമാണ് അവന്.

"ഇന്ന് കായികമേളയല്ലേ സ്കൂളിൽ? സുപ്പു പങ്കെടുക്കുന്നില്ലേ?"

"സീച്ചറേ, ഞാൻ ഓടിയാ, ജയിക്കൂല."

ടീച്ചർ ചിരിച്ചു.

"ഓടിയാ എല്ലാരും ജയിക്കുമോ സുപ്പു? ഒരാളല്ലേ ഒന്നാമതെത്തൂ. ജയിക്കലല്ല, നന്നായി പങ്കെടുക്കലാണ് പ്രധാനം. അതുകൊണ്ട് സുപ്പു എല്ലാത്തിലും പങ്കെടുക്കണം. മെഡൽ കിട്ടുന്നെങ്കിൽ കിട്ടട്ടെ, കേട്ടോ?"

സുപ്പു തലയാട്ടി,

കുട്ടികളെല്ലാവരും നല്ല ഉത്സാഹത്തിലായിരുന്നു. ഓട്ടമത്സരം തുടങ്ങി. എല്ലാവരും ഓടുന്ന വേഗത കണ്ട് സുപ്പു അന്തിച്ചു നിന്നു. ഈ കാലും കൊണ്ട് എങ്ങനെ അവരുടെ കൂടെ ഓടും?

അടുത്ത മത്സരം തവളച്ചാട്ടം എന്ന് മൈക്കിലൂടെ അറിയിപ്പ് വന്നു. അതിന് ഒരു കൈ നോക്കാം. സുപ്പു നല്ല ഉഷാറായി നിന്നു.

കുട്ടികൾ ആദ്യം നിരന്നു നിന്നു. പിന്നെ ഇരുന്നു. രണ്ടു കൈയും നിലത്ത് ചേർത്തുവെച്ച് തവളയെപ്പോലെ മുന്നോട്ട് ചാടാൻ തയ്യാറായി. വിസിൽ മുഴങ്ങിയതും എല്ലാവരും ആഞ്ഞ് ചാടാൻ തുടങ്ങി.

ആദ്യത്തെ ചാട്ടത്തിൽതന്നെ സുപ്പു ചെരിഞ്ഞ് വീണു. കുട്ടികളെല്ലാം അവന്റെ കിടപ്പ് കണ്ട് ആർത്തുചിരിക്കാൻ തുടങ്ങി. അപ്പോഴാണ് വിനയടീച്ചർ അവിടെയെത്തിയത്.

"സുപ്പൂ, സാരമില്ല എഴുന്നേറ്റ് ചാടിക്കോ." ടീച്ചർ വിളിച്ചു പറഞ്ഞു.

എഴുന്നേറ്റ് ഗ്രൗണ്ടിന് പുറത്തേക്ക് വന്നാലോ എന്നാലോചിക്കുകയായിരുന്നു സുപ്പു. ടീച്ചർ പറഞ്ഞതുകൊണ്ടു മാത്രം അവൻ വീണ്ടും ചാടാൻ തയ്യാറായി. പക്ഷേ, എല്ലാവരും മുന്നോട്ടു പോയി



തിരിച്ചുവന്ന് തുടങ്ങിയിടത്ത് ഫിനിഷ് ചെയ്യുമ്പോഴും സുപ്പു കാൽഭാഗം പോലും എത്തിയിട്ടില്ല.

**കുട്ടികൾ ആദ്യം നിരന്നു നിന്നു. പിന്നെ ഇരുന്നു. രണ്ടു കൈയും നിലത്ത് ചേർത്തുവെച്ച് തവളയെ പ്പോലെ മുന്നോട്ട് ചാടാൻ തയ്യാറായി. വിസിൽ മുഴങ്ങിയതും എല്ലാവരും ആഞ്ഞ് ചാടാൻ തുടങ്ങി.**

"ഇപ്പോഴാ ശരിക്കും ഒരു തവളയെക്കണ്ടത്," എന്ന് രാഹുൽ ഉറക്കെ വിളിച്ചു പറഞ്ഞപ്പോൾ കുട്ടികൾ ആർത്തു ചിരിക്കാൻ തുടങ്ങി. 'സുപ്പുതവള' 'സുപ്പുത്തവള' എന്നവർ താളത്തിൽ പറഞ്ഞു കൊണ്ട് കയ്യടിക്കാൻ തുടങ്ങി.

നാണക്കേടോടെ സുപ്പു എഴുന്നേറ്റ് കളിക്കളത്തിന് പുറത്തേക്ക് നടന്നു,

'ഡാ തവളേ' എന്ന് ആരൊക്കെയോ പുറകിൽ നിന്ന് വിളിക്കുന്നത് അവൻ കേട്ടു. ആളൊഴിഞ്ഞ ഒരു സ്ഥലത്ത് പോയി സുപ്പു ഒറ്റയ്ക്കിരുന്നു. അവന് ഉറക്കെക്കരയാൻ തോന്നി. അവൻ തന്റെ ശോഷിച്ച കാലു നോക്കി. രണ്ടുകൈകൊണ്ടും ആ കാലിൽ ഇടിക്കാൻ തുടങ്ങി.

"പൊട്ടക്കാലേ നീ എന്തിനാ ഇങ്ങനായത്! അതല്ലേ എല്ലാരും നിന്നെ കളിയാക്കുന്നത്!" അവന്റെ കണ്ണുകൾ നിറഞ്ഞൊഴുകി.

*(തുടരും)*




പീക്കിരി.ഇൻ
കൊച്ചുകുട്ടികൾക്കുള്ള പേജുകളാണ്.
മുതിർന്നവർ ഇത് വായിച്ചുകൊടുക്കുമല്ലോ.

# നീരവിന്റെ മുയൽച്ചാട്ടങ്ങൾ



**ഗണേഷ് വേലാണ്ടി**

ചിത്രീകരണം: സചീന്ദ്രൻ കാറഡുക്ക

*അങ്കണവാടിയിൽനിന്ന് വന്ന ഉടനെ നീരവ് അതാ വീടിന് ചുറ്റും ചാടി കളിക്കുന്നു.*



എന്റെ മോൻ മുയൽചാട്ടം ചാടുകയാണോ?

എന്നിട്ടോ?



അമ്മേ അങ്കണവാടിയിലെ കമ്പ്യൂട്ടറിൽനിന്ന് മുയലിനെ കണ്ടല്ലോ?



മുയലിന് കളറ് കൊടുത്തു



എന്ത് കളറാ നീ കൊടുത്തത്?

മഞ്ഞക്കളർ



മഞ്ഞ മുയലുണ്ടോ?

ടീച്ചറ് പറഞ്ഞല്ലോ മുയലിന്
ഏത് കളറും കൊടുക്കാമെന്ന്.
ഞാൻ മുയലിന് മഞ്ഞ കൊടുത്തു.
അനുമോൾ കൊടുത്തത് പച്ച.
ഇർഫാൻ കൊടുത്തത് കറുപ്പ്.
അമ്മു കൊടുത്തത് ചുകപ്പ്.
കളർ കൊടുത്ത ശേഷം
ഞങ്ങളെല്ലാവരും
മുയൽച്ചാട്ടവും ചാടി.





ചാടിച്ചാടി
എങ്ങോട്ടാ പോയത്?

അമ്മേ... പൂന്തോട്ടത്തിലേക്ക്.
അവിടെ ഒരു പുലി ഒളിച്ചിരുന്നു



അയ്യോ,
ആരായിരുന്നു പുലി?



കണ്ണനായിരുന്നു പുലി. ഞങ്ങളുടെ
ഇടയിലേക്ക് പേടിപ്പിച്ചുകൊണ്ട്
കണ്ണൻ ചാടി വന്നു.



അമ്മേ,
ഞങ്ങളെല്ലാവരും
പേടിച്ചുപോയി.





പുലി ആദ്യം ഏത്
മുയലിനെയാണ് പിടിച്ചത് ?

ആദ്യം പിടിച്ചത്
അനുമുയലിനെ.
പിന്നെ പിടിച്ചത്
അമ്മു മുയലിനെ.
അവസാനം പിടിച്ചത്
എന്നെ...



എന്നിട്ട്, പുലിയും മുയൽക്കുട്ടികളും
ചാടി ചാടി അങ്കണവാടി
അടുക്കളയിലെത്തി അമ്മേ...

മുയൽക്കുട്ടികൾ കാരറ്റ് തിന്നു.
പുലി പാല് കുടിച്ചു.



**അമ്പട വീരന്മാരേ!!**



അമ്മേ, ഇന്ന് കഞ്ഞിയുടെ കൂടെ
കാരറ്റ് തോരൻ ഇല്ലായിരുന്നു, ട്ടോ.

നീരവ് അമ്മയുടെ അടുത്തുനിന്നും
കളർ പുസ്തകത്തിനരികിലേക്ക്
മുയൽച്ചാട്ടം ചാടി.



മുയൽച്ചിത്രത്തിന് നിറം കൊടുക്കാൻ തുടങ്ങി

# മ്യാവൂ..!



**മധു ആലപ്പടമ്പ്**

ചിത്രീകരണം: രാജീവ് എൻ ടി



കിണ്ണത്തിൽ പാലുണ്ട്
കണ്ണുംനട്ട്
കുട്ടിക്കുറുമ്പിയരികത്തുണ്ട്!
അമ്മ,അടുക്കളയ്ക്കുള്ളിൽ നിന്ന്

ഒന്നു പുറത്തേക്ക്
പോയ് വരുമ്പോൾ
കിണ്ണം വടിച്ചു പാൽ കുടിച്ചു
ഒന്നുമറിയാത്ത പോലെ മ്യാവൂ..!


## യുറീക്ക, ശാസ്ത്രകേരളം, ശാസ്ത്രഗതി

### വരിക്കാരാവൽ ഇപ്പോൾ വളരെ എളുപ്പം

www.ksspublications.com എന്ന വെബ്സൈറ്റിൽ നിന്ന് ഓൺലൈനായി പണമടയ്ക്കാം, വരിക്കാരാവാം.

സ്കാൻ ചെയ്യൂ, വരിക്കാരാകൂ

വാർഷിക വരിസംഖ്യ

**യുറീക്ക– ₹ 300** **ശാസ്ത്രകേരളം– ₹ 200** **ശാസ്ത്രഗതി– ₹ 200**

ഓൺലൈനിൽ വായിക്കാൻ: www.magzter.com www.readwhere.com

# കാത്തു വയ്ക്കാം



റഫീക്ക് പൂനത്ത്


ചിത്രീകരണം: രാജീവ് എൻ ടി



മല കാത്തു വയ്ക്കാം
മണ്ണിന്ന് തരുവിന്ന്
അരുവിക്കൊരുറവയ്ക്ക
വേണ്ടി....

മല കാത്തു വയ്ക്കാം
പറവയ്ക്ക്, പുഴുവിന്ന്
കാലിയ്ക്കായന്നം
വിതയ്ക്കാൻ...

മല കാത്തു വയ്ക്കാം
കാർമുകിൽ തുമ്പത്തെ
മഴ വന്ന് കുളിരായി
പെയ്യാൻ



മലകാത്തു വയ്ക്കാം
പായുന്ന കാറ്റാം
കുറുമ്പന്നു
ചങ്ങലയാവാൻ

മല കാത്തു വയ്ക്കാം
മാനവ പ്പെരുമയ്ക്ക്
കണ്ണിന്, കരളിന്
കുളിരായ്

✷




**കത്തുകൾ**
**അയയ്ക്കേണ്ട വിലാസം :**
യു-മെയിൽ, യുറീക്ക,
ചാലപ്പുറം,
കോഴിക്കോട്- 673002

9497172919

# പഠനം രസകരം

**ഓ**ൺലൈൻ ക്ലാസ് രസകരമായിരുന്നു. ആദ്യത്തെ ക്ലാസിൽ ഏകദേശം 15 മിനിറ്റ് നന്നായി മനസ്സിലായി. പതിയെ ഞാൻ അറിയാതെ ഉറങ്ങിപ്പോയി. പിന്നെ എഴുന്നേറ്റത് 5.30 നാണ്. എന്നാലും ഞാൻ യു ട്യൂബ് നോക്കി ക്ലാസ് മുഴുവനും കണ്ടു. രണ്ടാം കാഴ്ചയിൽ സാർ പറഞ്ഞുതന്നത് എനിക്ക് വളരെ നന്നായി മനസ്സിലായി.

വൈകുന്നേരം എന്റെ ക്ലാസ് ടീച്ചർ കുറേ പ്രവർത്തനം തന്നു. എല്ലാം പാഠഭാഗവുമായി ബന്ധപ്പെട്ടതാണ്. മലയാളത്തിനു ശേഷമുള്ള ഇംഗ്ലീഷ് ക്ലാസും എനിക്ക് നന്നായി മനസ്സിലായി. ടീച്ചർ ടി.വി.യിലൂടെ, സംസാരിക്കുന്ന വയെക്കുറിച്ചും സംസാരിക്കാത്തവയെക്കുറിച്ചും പഠിപ്പിച്ചു തന്നു.

പച്ചക്കറിയേയും വിത്തുകളേയും കുറിച്ച് പഠിപ്പിച്ച അടിസ്ഥാനശാസ്ത്രം വളരെ നന്നായിരുന്നു. ഹിന്ദി ഒന്നും മനസ്സിലായില്ലെങ്കിലും യൂ ട്യൂബിലൂടെ വീണ്ടും വീണ്ടും കണ്ടപ്പോൾ എനിക്ക് ക്ലാസ് മനസ്സിലായി. എല്ലാ അധ്യാപകരും വളരെ നന്നായി പഠിപ്പിക്കുന്നു. എനിക്ക് എല്ലാ ക്ലാസും മനസ്സിലാവുന്നു. എത്ര രസകരമാണീ പഠനം.

**വിവേത മേനോൻ എ കെ,** 7 ബി, ജി.യു.പി.എസ്. തത്തമംഗലം, പാലക്കാട്.

# പാവം പാവം കുഞ്ഞു ധ്രുവ്...

**നേ**രിയ മഴയും കാറ്റും ഉള്ള ഒരു ദിവസം. അന്ന് എല്ലാവരും മൂകമായിരുന്നോ? എനിക്ക് അങ്ങിനെ തോന്നിയിരുന്നു. രാത്രിയിലെ മഴയും കാറ്റും കഴിഞ്ഞ് ഞാൻ രാവിലെ ഉറങ്ങി എഴുന്നേറ്റു.

രാവിലെ വീട്ടിൽ ഒരു ഫോൺ കോൾ വന്നു. ഉമ്മയുടെ ഉമ്മയാണ്. നീ അറിഞ്ഞോ മോളേ, ഏറത്ത് റബ്ബർകട നടത്തുന്ന അണ്ണൻ ഇല്ലയോ, ആ അണ്ണന്റെ മോൾ ഉത്ര പാമ്പ് കടിയേറ്റ് മരിച്ചു. കൊച്ചിനെ സൂക്ഷിക്കണേ. കതകും ജനലും ഒന്നും തുറന്നിടരുത്.



പാമ്പു കടിയേറ്റ് ഒരു ചേച്ചി മരിക്കുക. എനിക്ക് അത് വല്ലാത്ത വേദനയുണ്ടാക്കി. കുറച്ച് ദിവസം കഴിഞ്ഞപ്പോൾ വേദനാജനകമായ ഒരു വാർത്ത അറിഞ്ഞു. ഉത്രച്ചേച്ചിയെ കൊന്നതാണ് എന്ന്. ആര് എന്ന് ഞാനും ചോദിച്ചു. ചോദിക്കാൻ കാരണം ഉത്രച്ചേച്ചി വളരെ പാവം ആയിരുന്നു. ഉത്രച്ചേച്ചിയുടെ ഭർത്താവായ സൂരജ് അങ്കിളാണ് കൊന്നത് എന്നറിഞ്ഞപ്പോൾ എനിക്ക് സങ്കടം സഹിക്കാൻ പറ്റാതായി. ഞാൻ ഉമ്മച്ചിയോട് ചോദിച്ചു. അപ്പോൾ ആ വാവയ്ക്ക് അമ്മയില്ലല്ലോ. ധ്രുവ് വാവ എന്തുചെയ്യും? അമ്മയെ കാണാതെ കരയില്ലയോ? ആ അങ്കിൾ എന്തിനാണ് ഇങ്ങനെ ചെയ്തത്? പിന്നീട് ടി.വി.യിലും പത്രത്തിലും ധാരാളം വാർത്തകൾ വന്നു.

കേരളത്തെ ആകെ നടുക്കിയ ആ സംഭവം വായിക്കുമ്പോൾ എന്റെ മനസ്സ് ഇപ്പഴും പിടഞ്ഞ് പോവുകയാണ്. പണവും സമ്പത്തും സ്വർണവും നേടാൻ ഒരാളും ഇങ്ങനെ ചെയ്യരുത്. ഇത് എല്ലാവരും മനസ്സിലാക്കണം. സത്യസന്ധമായ സ്നേഹം എന്താണെന്ന് ഒരിക്കൽ ആ അങ്കിൾ മനസ്സിലാക്കുമായിരിക്കും. കുഞ്ഞ് ധ്രുവിനെ അങ്കിൾ ഓർത്തില്ലല്ലോ.

**ആലിയ ഫാത്തിമ,** 3 ാം തരം, ഏറത്ത്, അഞ്ചൽ, കൊല്ലം.

e-mail: priyappettaeureke@gmail.com

# എന്റെ മഴക്കാലം



**പ്ര**കൃതിയിൽ ഏറ്റവും സുന്ദരം വർഷകാലമാണെന്ന് ഞാൻ പറയും. അത് എന്നെ ഏറ്റവും കൂടുതൽ ആനന്ദിപ്പിക്കുന്ന സമയം കൂടിയാണ്. വർഷമേഘങ്ങളുടെ ഓരോ തുള്ളിയും ഏറ്റുവാങ്ങി പുൽച്ചെടി മുതൽ പേരാൽ വരെ തളിരിലകൾ തുന്നിച്ചേർത്ത് വിരിപ്പിന്റെ കുട നിവർത്തി ആനന്ദമാടുന്നു. നമ്മൾ ഒന്ന് ചുറ്റും നോക്കുകയാണെങ്കിൽ മഴക്കാലത്ത് മാത്രം കാണുന്ന എത്ര കാഴ്ചകൾ ഉണ്ടെന്നോ. പക്ഷിക്കൂട്ടങ്ങൾ നനഞ്ഞു കുതിർന്ന ചിറകുകൾ വീശിപ്പിടിച്ച് വെള്ളം കുടഞ്ഞ് കളയുന്നു. മഴവെള്ളത്തിൽ വെയിൽ പതിക്കുമ്പോൾ വജ്രം പോലെ തിളങ്ങുന്നു. ഒളിച്ചിരുന്ന തവളക്കൂട്ടങ്ങൾ ഒന്നായി "പേക്രോം പേക്രോം" എന്നു പറഞ്ഞുകൊണ്ട് പുറത്തേക്ക് വരുന്നു. പാടത്തെല്ലാം പണിത്തിരക്കിന്റെ നാളുകളായി. ചാലുകീറലും വിത്തു പാകലും പച്ചക്കറിത്തോട്ടവും എല്ലാം ചേർന്ന് ആകെ ബഹളം. വെള്ളം നിറഞ്ഞ് ചാലുപോലെ വീട്ടുമുറ്റത്തു കൂടി പോകുമ്പോൾ വർണക്കടലാസു കീറി തോണി ഉണ്ടാക്കി വിടുന്നത് എന്തു രസമാണ്. മഴ ഒന്നു തോർന്നാൽ അൽപ്പം താഴ്ന്ന് വട്ടമിട്ടു പറക്കുന്ന കൊച്ചു തുമ്പികളെ നോക്കിനിന്നുപോവും. ചന്നം പിന്നം മഴയിൽ കാലടിച്ചു കളിക്കാൻ അത്രത്തോളം രസമാണ്. പറഞ്ഞാലും പറഞ്ഞാലും തീരാത്ത രസക്കാഴ്ചകളാണ് എനിക്ക് മഴക്കാലം.

ഇടിയും മിന്നലും ഒക്കെയായി പേടിപ്പിക്കുന്ന മഴ, ചന്നം പിന്നം ചിതറുന്ന മഴ, ഓരോ താളത്തിലും ശബ്ദത്തിലും നിർത്താതെ പെയ്യുന്ന മഴ... അങ്ങിനെ എത്ര മഴകൾ. ഓരോ മഴക്കാലവും ഓരോ അനുഭവത്തിന്റെ നിറച്ചാർത്തുകളാണ്. ഞാൻ കാത്തിരിക്കുകയാണ് ഈ മഴക്കാലത്തെ മുഴുവൻ നെഞ്ചിലേറ്റി ആസ്വദിച്ച് അറിയാൻ.

**ഷിബിൻ,** ജി.യു.പി.എസ്. തത്തമംഗലം, പാലക്കാട്

# ആഹ്ലാദകാലം

**ലോ**ക്ഡൗൺ ആഹ്ലാദമാക്കാൻ അമ്മ എനിക്കും ചേച്ചിക്കും ഒരു ചലഞ്ച് തന്നിരുന്നു. അമ്പത് ജി.കെ. പഠിക്കുക. അല്ലെങ്കിൽ കഥയോ കവിതയോ എഴുതുക. ക്രാഫ്റ്റ് വർക്ക് ചെയ്യുക. പടം വരയ്ക്കുക. ഞങ്ങൾ എല്ലാം ഏറ്റെടുത്തു.

എഴുതാനിഷ്ടമായ ആദ്യ ദിനങ്ങളിൽ പുറത്തിറങ്ങാതെ ഞങ്ങൾ കുഞ്ഞിക്കഥകൾ എഴുതി സമ്മാനം വാങ്ങി. ചേച്ചിക്ക് പടംവരപ്പിന് സമ്മാനം കിട്ടി.

അച്ഛൻ ഞങ്ങൾക്കായി ഒരു ഏറുമാടം കെട്ടിത്തന്നു. ഒരേ വീട്ടുകാരെപ്പോലെ കഴിയുന്ന അടുത്ത നാലു വീട്ടുകാരുണ്ട്. അവിടുത്തെ കുട്ടികളും കൂടി ഏറുമാടത്തിൽ കളി തുടങ്ങി. ഇത് കണ്ട് അച്ഛനും അമ്മയും ഞങ്ങളോടൊപ്പം കൂടി. ചോറും പരിപ്പുകറീം വച്ചു. പായസം വച്ചു. ടീച്ചറും കുട്ടികളുമായി. അമ്മേയും അച്ഛനും അവരുടെ ചെറുപ്പകാല കഥകൾ പറഞ്ഞു. അതു കേട്ടപ്പോൾ ഞങ്ങൾക്ക് നഷ്ടബോധം തോന്നി.

വീട്ടിലെ മൾബറി പഴങ്ങൾ മുഴുവനും പറിക്കാൻ അമ്മ സമ്മതിച്ചില്ല. പിന്നെയാ മനസ്സിലായത് തത്ത, മൈന, അണ്ണാറക്കണ്ണൻ, തൊപ്പിക്കിളി, മഞ്ഞക്കിളി, വാലൻകിളി, മിമിക്രിക്കിളി, കുയിലമ്മ, പൂത്താൻ കീരികൾ, കുഞ്ഞിക്കുരുവി അങ്ങനെ ഒത്തിരിപ്പേർ മൾബറിപ്പഴം തേടി രാവിലെയും വൈകീട്ടും വരുന്നുണ്ടായിരുന്നു. ഞങ്ങൾ അവരെക്കാണാൻ കാത്തിരുന്നു. അങ്ങനെ എന്തു രസമായിരുന്നെന്നോ ഈ ലോക്ഡൗൺ കാലം. മറക്കില്ല ഒരിക്കലും.

**അശ്വതി കെ.വി.,** 7 എ, സെന്റ് ആന്റണീസ് യു.പി.എസ്., പേരാമ്പ്ര പി.ഒ., കൊടകര, തൃശ്ശൂർ.

# മടിച്ച് മടിച്ച് ഞാൻ നിന്റെ കൂട്ടുകാരിയായി

**എ**നിക്ക് ആദ്യമൊക്കെ യുറീക്ക വായിക്കാൻ ഇഷ്ടമായിരുന്നില്ല. ഭക്ഷണം കഴിക്കണമെങ്കിൽ ടെലിവിഷനോ പുസ്തകങ്ങളോ വേണം. ടെലിവിഷനിൽ ഇഷ്ടമുള്ളതില്ലെങ്കിൽ പുസ്തകമേ ശരണം എന്നായിരുന്നു അവസ്ഥ. എന്നാൽ പല പുസ്തകങ്ങളും മനസ്സിലാവാത്തതും ഇഷ്ടമല്ലാത്തതും ആണ്.

അച്ഛൻ ഇടയ്ക്കിടെ പറയും നീ പറഞ്ഞിട്ടാണ് യുറീക്ക വാങ്ങിയത്, അത് വായിക്കണം എന്ന്. എപ്പഴോ, മേശപ്പുറത്ത് ഉറങ്ങുന്ന യുറീക്കകളെ എടുത്തങ്ങ് വായിക്കാൻ തുടങ്ങി. വായിച്ചപ്പോഴോ യുറീക്കയോട് എനിക്ക് താൽപ്പര്യമായി. കൂടാതെ യുറീക്കയിൽ വായിച്ച കഥകളും മനസ്സിലാക്കിയ കാര്യങ്ങളും അമ്മയ്ക്കും അച്ഛനും പറഞ്ഞുകൊടുക്കാനും എനിക്ക് വലിയ ഉന്മേഷമായി. നീ പറഞ്ഞത് ശരിയാ യുറീക്കേ, സ്കൂളിലെ ആദ്യദിവസത്തെ മിഠായിയും ബലൂണും ഒക്കെ അറിയാം. എന്നാൽ കൂട്ടുകാരെ എങ്ങനെ പരിചയപ്പെട്ടു എന്നത് എത്ര വേഗമാണ് മറന്നത്. എനിക്ക് കൂട്ടുകാരോടൊപ്പം സമയം ചെലവഴിക്കാൻ വലിയ ഇഷ്ടമാണ്. കൂട്ടുകാരോടൊപ്പം നിൽക്കുമ്പോൾ, എങ്ങനെ കൂട്ടുകാരായി എന്നത് ഓർക്കാറേയില്ല. യുറീക്ക എന്തായാലും എന്നെ ഒരുപാട് അത്ഭുതപ്പെടുത്തുന്നു.

**തേജശ്രീ,** 6ാം തരം, മാടായി ഗേൾസ് സ്കൂൾ, എരിപുരം, പഴയങ്ങാടി

## പുതിയ ലിപി വേണം

**ഞാ**നും കൂട്ടുകാരും എൽ.പി.സ്കൂളിൽ പഠിക്കുന്ന വിദ്യാർഥികളാണ്. ഞങ്ങൾ പുതിയ ലിപിയിലാണ് എഴുതുന്നതും വായിക്കുന്നതും. യുറീക്കയിൽ വരുന്ന കഥകളും വാർത്തകളും പഴയ ലിപിയിലാണ് എഴുതിയിരിക്കുന്നത്. അതു വായിക്കാൻ ഞങ്ങൾക്ക് ബുദ്ധിമുട്ടുണ്ട്. അതുകൊണ്ട് പുതിയ ലിപിയിൽ എഴുതാമോ?

**അൽന ലാലു പി,** 2 ബി, ജി.വി.എൽ.പി.എസ്., ചിറ്റൂർ, പാലക്കാട്.

*(ലിപിയുടെ വ്യത്യാസം വളരെക്കുറച്ചല്ലേ ഉള്ളൂ അൽനേ. വളരെ എളുപ്പത്തിൽ അത് മനസ്സിലാക്കാമല്ലോ. ഒരുതവണ മുതിർന്നവരോട് ചോദിച്ചു മനസ്സിലാക്കൂ. ഒരുകാലത്ത് അച്ചടിയുടെ സൗകര്യത്തിന് വേണ്ടി ഉണ്ടായ ലിപിമാറ്റം മലയാളഭാഷ ഉപേക്ഷിച്ചുവരികയാണ്. താമസിയാതെ പാഠപുസ്തകങ്ങളിലും അത് മാറുമെന്നാണ് യുറീക്ക കരുതുന്നത്. ഇന്റർനെറ്റിലൊക്കെ ഇപ്പോൾ തന്നെ യുറീക്കയിലുള്ള തരം അക്ഷരരൂപങ്ങളാണല്ലോ ഉള്ളത്.)*

## മത്സരങ്ങൾ ധാരാളം വേണം

**യു**റീക്കേ, നിന്നിലെ കഥയും കവിതയും പദപ്രശ്നവുമൊക്കെയാണ് എനിക്കിഷ്ടം. പദപ്രശ്നം പോലെ എൽ.പി., യു.പി. കുട്ടികൾക്ക് മറ്റു മത്സരങ്ങൾ ഒരുക്കിക്കൂടെ. ഉദാ: ക്വിസ്, കളറിങ് മത്സരം, കഥാരചന, കവിതയെഴുത്ത്. ഇതുപോലെയുള്ള മത്സരങ്ങൾ കൂടുതൽ രസകരമാകും. മാത്രമല്ല സമ്മാനങ്ങൾ ഉണ്ടാകില്ലേ.

**പ്രാർഥന കെ.പി.,** കാർത്തിക ഹൗസ്, കുമരംപുത്തൂർ പി.ഒ., മണ്ണാർക്കാട്, പാലക്കാട് – 678583

## എന്റെ സന്തോഷം മാഞ്ഞുപോയി

മാമാ ഒരു കാര്യം പറയട്ടെ. ഞാനും അച്ഛനും അമ്മയും കൂടി ഇന്നലെ പറമ്പിൽ വെണ്ടവിത്തിടാൻ കിളയ്ക്കുകയായിരുന്നു. കിളച്ച് കിളച്ച് പോയപ്പോൾ അതാ മണ്ണിൽ ഒരു കുഞ്ഞു ബ്രഷ്! ഇതാരുടേതാ... അമ്മ പറഞ്ഞു. ഇത് നിന്റേതാ... എനിക്കോർമയില്ലായിരുന്നു. കുഞ്ഞുന്നാളിൽ ഞാൻ ഉപയോഗിച്ചതാണത്രേ. എനിക്ക് എന്തെന്നില്ലാത്ത സന്തോഷം തോന്നി. അമ്മ പറഞ്ഞു. ഇത് പ്ലാസ്റ്റിക്കാണ് എത്ര വർഷമായി മണ്ണിൽ ഇതേപടി കിടക്കുന്നു. പ്ലാസ്റ്റിക്ക് മണ്ണിൽ ലയിക്കില്ല. ഇതു കേട്ടതും എന്റെ സന്തോഷം ഇല്ലാതായി. പ്ലാസ്റ്റിക് ചുറ്റുപാടും വലിച്ചെറിയരുതെന്ന് അമ്മ പറഞ്ഞു.



**അർഷിയ,** 3 ാം തരം, കെ എസ് ബി എസ്, കരിപ്പോട്, പാലക്കാട്.

# പുസ്തകത്താളിലെ ചിത്രം



**ലതീഷ് കീഴല്ലൂർ**

ചിത്രീകരണം: സചീന്ദ്രൻ കാറഡുക്ക

കുഞ്ഞിന്റെ കയ്യിലെ പുതുപുസ്തക –
ത്താളുകളോരോന്നവൻ മറിച്ചു.

ഇരുളുനിറഞ്ഞൊരു താളിലപ്പോൾ
ഒരു സൂര്യൻ വന്നൊരു പൊട്ടുകുത്തി .

മെല്ലെ വെളിച്ചം പരന്നു പിന്നെ
ഒരു വർണ ചിത്രം തെളിഞ്ഞു വന്നു.

ചിത്രത്തിലൊരു കൊട്ടും കാടുയർന്നു
മാമരച്ചില്ലകൾ കാറ്റിലാടി.


ഒരു മരക്കൊമ്പത്തു നിന്ന് മൈന
പാട്ടൊന്നു പാടി ചിറകടിച്ചു.

ചിറകിൽ നിന്നായിരം പൂത്തുമ്പികൾ
വാനിന്റെ മാറിൽ പറന്നുയർന്നു.

കുഞ്ഞിന്റെ ചുണ്ടിൽ ചിരി വിടർന്നു
കൗതുകം കൊണ്ടാമനം നിറഞ്ഞു.



# മുങ്ങി നിവർന്നപ്പോൾ






**സരസ്വതി കെ.എം.**

ചിത്രീകരണം: കെ.സതീഷ്


മുക്കുറ്റിപ്പാടത്ത്
മൂവന്തി നേരത്ത്
മുങ്ങാംകുഴിയിട്ട
ചെങ്കതിരോൻ
മുകിൽ നീന്തും കടവത്ത്
മുല്ലപ്പൂങ്കാവിനടുത്ത്
മുങ്ങി നിവർന്നപ്പോൾ
പൊന്നമ്പിളി

✷







Volume 42 No. 4 Eureka 2020 July 16, 44 Pages
Printed and Published by Meerabai T.K, Parishad Bhavan, Chalappuram, Calicut -2. on behalf of Kerala Sasthra Sahithya Parishad
Printed at : Geethanjali Web Offset, Kundaythode, Kolathara P.O, Calicut.
and Published at Parishad Bhavan, Chalappuram, Calicut-673002. Editor : C.M.Muraleedharan. Approved by CSIR for Financial Support.

*Naregamia alata* നിലനാരകം





മഴ വന്നപ്പോൾ മണ്ണി–
ന്നുണ്ടായ സന്തോഷം – ഹായ്
നിറയെ ചിരിക്കുന്ന
നിലനാരകപ്പൂക്കൾ !

ചിത്രവും വരിയും :
വിശ്വൻ – 9207 008 943

Date of Publication : 09/7/2020 **EUREKA** Price : ₹ 17.00

ISSN : 0972-2122 Science Fortnightly For Children Registered No: KL/CT/46/2018-20

License to post without prepayment of postage No: KL/PMG/NR/WPP/7/KKD/2018-20

Registered with the Newspaper Registrar of India under No:29524/78







Follow us on

ശീലമാക്കാം ...

FOOTWEAR & BACK PACKS ODYSSIA

CLASSMATE SHOES

SANDALS & BACKPACKS